മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 2 No. 52 THE ONLINE OFFICIAL NEWS BULLETTIN 2019 December 28

SEASON OF EPIPHANY | ദനഹാകാലം | ܥܕܢܐ ܕܕܢܚܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
29 ♪1 hadbšabo d botar yaldo 1st Sunday after Christmas	30 ♪5	31 ♪1	1 ♪8 Gzurto (✝Circumcision of our Lord) New Year Day (Reshatho) Comme. of St. Basil the Great, St. Gregory All Saintly Fathers & Malpans.	2 ♪1	3 ♪5 Oath of Koonan Kurissu Comme. of Mar Ahathalla Bava 56th Mem. of H.H. Baselius Geevarghese II ✠ (Devalokam Catholicate Chapel)	4 ♪1



എം.ജി.ഒ.സി.എസ്.എം. വാർഷിക കോൺഫറൻസ് അട്ടപ്പാടിയിൽ ഡോ. മാത്യൂസ് മാർ സേവേറിയോസ് ഉദ്ഘാടനം ചെയ്യുന്നു.



മരത്തംകോട് മാർ ഗ്രീഗോറിയോസ് പള്ളിയിൽ ജനനപെരുന്നാൾ ശുശ്രൂഷയ്ക്ക് പ. കാതോലിക്കാ ബാവാ മുഖ്യ കാർമ്മികത്വം വഹിച്ചു.



Festal Celebrations of the Nativity of our Lord at St Thomas Indian Orthodox Church of Philadelphia by Zachariah Mar Nicholovos.



ജനുവരി 2-ന് കോട്ടയം എം.ഡി സെമിനാരിയിലെ മാർ ബസ്സേലിയോസ് നഗറിൽ (മാർ ഏലിയാ കത്തീഡ്രൽ അങ്കണം) നടക്കുന്ന പ. ഗീവറുഗീസ് ദ്വിതീയൻ ബാവായുടെ കാതോലിക്കാ സ്ഥാനാരോഹണ നവതി സമാപന സമ്മേളനത്തിനുള്ള പന്തൽ കാൽനാട്ടുകർമ്മം ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായും, ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറസ് മെത്രാപ്പോലീത്തായും ചേർന്ന് നിർവ്വഹിക്കുന്നു.



ന്യൂഡൽഹി ഹോസ്സ്ഖാസ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ ജനനപെരുന്നാൾ ശുശ്രൂഷയ്ക്ക് ഡോ. യൂഹാനോൻ മാർ ദിമിത്രിയോസ് മുഖ്യകാർമ്മികത്വം വഹിച്ചു.




പാമ്പാക്കുട ചെറിയ പള്ളിയിലെ പ. മാർത്തോമ്മാ ശ്ലീഹായുടെ ഓർമ്മ പെരുന്നാളിന് ഡോ. മാത്യൂസ് മാർ സേവേറിയോസ് മുഖ്യകാർമ്മികത്വം വഹിച്ചപ്പോൾ.

ആരാധനാ കലണ്ടർ

അവൻ യേശു (രക്ഷകൻ) എന്ന് വിളിക്കപ്പെട്ടു; പൈതൽ വളർന്നു, ജ്ഞാനം നിറഞ്ഞു; ദൈവകൃപയിൽ വളർന്നു!

ഡോ. ഗീവർഗീസ് മാർ യൂലിയോസ്



നമ്മുടെ കർത്താവിന്റെ രക്ഷാകരമായ ജനനപെരുന്നാൾ ആഘോഷിച്ച് സ്രഷ്ടാവിനെ സ്തുതിപ്പാനും അവന്റെ മാതാവിന്റെ പുകഴ്ചപെരുന്നാളിൽ സംബന്ധിച്ച് തലമുറകളോടൊപ്പം അവളെ ഭാഗ്യവതി എന്ന് പുകഴ്ത്തുവാനും തന്റെ ജനനത്തിൽ തന്നെ അവനെ സാക്ഷിക്കുവാൻ ഭാഗ്യം ലഭിച്ച ശിശു സഹദേന്മാരുടെ മദ്ധ്യസ്ഥതയിൽ അവനെ ഏക രക്ഷകൻ എന്ന് സാക്ഷിക്കുവാനും ഭാഗ്യം ലഭിച്ച പ. സഭ ഇനിയും അവനോടൊപ്പം വളരുന്ന അനുഭവത്തിന്റെ ധ്യാനദിനങ്ങളിലേയ്ക്ക് പ്രവേശിക്കുകയാണ്.

സർപ്പത്തിന്റെ തല ചതയ്ക്കുവാനുള്ള സ്ത്രീയുടെ സന്തതി ജനിച്ചു കഴിഞ്ഞിരിക്കുന്നു. യഹോവയുടെ നിയമപെട്ടകം പാളയമദ്ധ്യത്തിൽ എത്തിയിരിക്കുന്നു. ഇതാ മനുഷ്യരുടെ ഇടയിൽ ദൈവത്തിന്റെ കൂടാരം. അവനിൽ നിന്നും കൃപയുടെ പ്രളയം ഉണ്ടാകും! 'മുൾമരമെരിയാതെരുതീ തൻ നടുവിൽ' മോശയ്ക്ക് ദൃഷ്ടാന്തമായത് പ. മാതാവിന്റെ മടിയിൽ പ. സഭ ദർശിക്കുന്നു. 'ചിന്മയൻ അവളിൽ വസിച്ച് ശരീരം ധരിച്ചിരിക്കുന്നു!' 'നിന്നെ ചുമന്ന ഉദരവും നീ കുടിച്ച മുലകളും ഭാഗ്യമുള്ളവ" എന്ന് പാടിക്കൊണ്ട് പ. ദൈവമാതാവിന്റെ മടിയിൽ താലോലിക്കപ്പെടുന്ന ഈ അത്ഭുത ശിശുവിനെ കണ്ട് വണങ്ങുവാൻ ഓടിവരുന്നു.



പിറവി പോലും നിഷേധിക്കപ്പെടുന്ന ഒരു രാഷ്ട്രീയ സാമൂഹിക സാഹചര്യത്തിലാണ് അവൻ പിറന്നു വീഴുന്നത് എന്ന് അന്ന് നടന്ന ശിശുഹത്യയുടെ പശ്ചാത്തലത്തിൽ നമുക്ക് മനസ്സിലാക്കാം. അതീവ ശ്രദ്ധയോടെ ദൈവഹിതം ശ്രവിച്ചുകൊണ്ടു മാത്രമായിരുന്നു യൗസേഫ്-മറിയ കുടുംബത്തിന്റെ ഓരോ ചുവടുകളും. യിരമ്യാ പ്രവാചകൻ അത് മുൻകണ്ടിരുന്നു. റാമയിലെ വിലാപത്തിന് പ്രതിഫലം ഉണ്ടാകും; നിന്റെ ഭാവിയെക്കുറിച്ച് എനിക്ക് പ്രത്യാശയുണ്ട്. പന പോലെ തഴച്ചു നില്ക്കുന്ന ദുഷ്ടതയുടെ മുന്നിൽ അതീവ ദുർഘടമായ സാഹചര്യങ്ങളിലാണ് നന്മ വളരുന്നത്. അവിടെ ശിശുക്കൾ കൂട്ടമായി കൊല ചെയ്യപ്പെടുന്നതുപോലെയുള്ള വേദനാജനകങ്ങളായ സംഭവങ്ങൾ ഉണ്ടാകാം. എന്നാൽ പിറവി നിഷേധിക്കപ്പെട്ട എല്ലാവരും ക്രിസ്തുവിൽ ഓർക്കപ്പെടുന്ന അനുഭവമാണ് പ. സഭ ഈ ദിനങ്ങളിൽ ധ്യാനിക്കുന്നത്. മേഘം പോലെയും പ്രാവുകളെ പോലെയും പൊന്നും വെള്ളിയുമായി നിന്റെ മക്കൾ നിന്റെ അടുക്കലേയ്ക്ക് പറന്നു വന്ന് സീയോനിൽ പ്രത്യക്ഷനായ ഇസ്രയേലിന്റെ പരിശുദ്ധനെ സാക്ഷിക്കുമെന്ന് യെശയ്യാവ് അതിമനോഹരമായി പ്രവചിക്കുന്നു (60:8-14).

സത്യപിതാവിന്റെ സത്യപുത്രനായ കർത്താവിന്റെ മനുഷ്യാവതാരം എന്ന യാഥാർത്ഥ്യം വിശ്വാസികളുടെ ഹൃദയത്തിൽ ഉറപ്പിക്കണമേ എന്ന പ്രാർത്ഥനയാണ് വി. യൽദോ പെരുന്നാളിന് ശേഷം വരുന്ന ഞായറാഴ്ചയിലെ പ്രമുഖ ചിന്ത. "സത്യവാനായ പിതാവിനാൽ അയക്കപ്പെട്ടവനും സത്യദൂത് മൂലം സത്യ കന്യകയിൽ, സത്യ ദൂതന്റെ സത്യസമാധാനത്തോടെ യഥാർത്ഥമായി വസിക്കുകയും, അവളിൽ നിന്നും സത്യമായി ജഡം ധരിക്കുകയും, അവളുടെ സത്യവ്രതത്തിന് ഭംഗം വരാതെ അവളിൽ നിന്നും ജനിക്കുകയും ചെയ്ത കർത്താവേ! നിന്റെ മനുഷ്യാവതാരത്തിന്റെ സുസ്ഥിരതയിൽ ഞങ്ങളെ ഉറപ്പിക്കണമേ" എന്നാണ് പ്രാരംഭ പ്രാർത്ഥന. ജനിച്ചത് ദൈവമാണ് എന്ന് വിശ്വസിക്കാത്തവന് അവനിൽ വളരുന്നതിന് സാധിക്കുകയില്ല; അടിസ്ഥാന വിശ്വാസത്തിൽ അല്ലാതെ വളരുന്നവൻ വേദവിപരീതമെന്ന വലിയ ആപത്തിൽ പെടുകയും ചെയ്യും. അതുകൊണ്ടു തന്നെ



വായനക്കാർക്ക് ഹൃദയം നിറഞ്ഞ പുതുവത്സര ആശംസകൾ

ഡോ. ഗീവർഗീസ് മാർ യൂലിയോസ്

പഴയനിയമ പ്രവാചകന്മാരെ മുഴുവൻ ആവർത്തിച്ച് ഉദ്ധരിച്ചുകൊണ്ട് ദൈവത്തിന്റെ മനുഷ്യാവതാരം ഘോഷിക്കപ്പെടുന്ന പ്രസംഗമാണ് സെദറാകളിൽ ധ്യാനിക്കുന്നത്. കർത്താവ് കന്യകയ്ക്ക് മകനായി തീർന്നതിലൂടെ നീ മനുഷ്യകുലത്തെ മുഴുവൻ നിന്റെ മക്കളാക്കിത്തീർത്തു എന്നും കല്പന ലംഘനം മൂലം മനുഷ്യകുലം ധരിച്ചിരുന്ന ആക്ഷേപവസ്ത്രം ഉരിഞ്ഞ്, ദൈവത്തിന്റെ അനാദൃന്ത കരുണ ഞങ്ങളിൽ ഉദിച്ചുകൊണ്ട് ഞങ്ങളെ മഹത്വ വസ്ത്രത്തിലേയ്ക്ക് ക്ഷണിച്ചുവെന്നും പ്രാർത്ഥിക്കുന്നു. തന്റെ രൂപത്തിലും സാദൃശ്യത്തിലും സ്വന്ത കൈയാൽ ആദാമിനെ മെനഞ്ഞവൻ സ്വയംഭൂവായി സൃഷ്ടിതമായ ഗർഭപാത്രത്തിൽ ഉരുവാകുകയും തന്റെ രൂപവും സാദൃശ്യവും ലോകത്തിന് വെളിപ്പെടുത്തുകയും ചെയ്തു; അരൂപിയും അനശ്വരനും അദൃശ്യനുമായവൻ നരനായി രൂപമെടുത്ത് ദൃശ്യാവസ്ഥയിൽ അവതരിച്ചു; അവന് സ്തുതി.

ജനുവരി മാസം ഒന്നാം തീയതി എന്നാൽ യൽദോ പെരുന്നാളിന് ശേഷം എട്ടാം നാളാണ്. തിരുവചനപ്രകാരം പ. സഭ അന്ന് കർത്താവിന്റെ ചേലാകർമ്മപെരുന്നാൾ (വി. ലൂക്കോസ് 2:21) ആഘോഷിക്കുന്നു. ഒപ്പം വി. കപ്പദോക്യൻ പിതാക്കന്മാരുടെയും വി. സഭയെ സത്യവിശ്വാസത്തിൽ നിലനിർത്തിയുറപ്പിച്ച് വളർത്തിയ എല്ലാ മല്പാന്മാരുടെയും ഓർമ്മപ്പെരുന്നാൾ കൊണ്ടാടുന്നു. ഇന്ന് ഉപയോഗത്തിലിരിക്കുന്ന കലണ്ടർ പ്രകാരമുള്ള വർഷാരംഭവും അതേ ദിവസം വരുന്നു.

യഹോവയായ ദൈവം അബ്രഹാമിൽ ആരംഭിച്ച ഉടമ്പടിയാണ് പരിച്ഛേദന (ഉല്പത്തി 17:9-27). 99-ാം വയസ്സിലാണ് അബ്രഹാം പരിച്ഛേദന ഏല്ക്കുന്നത്. മകൻ ഇസ്മായേലും അവന്റെ ഭവനത്തിലെ ദാസന്മാരുൾപ്പെടെ ആൺപ്രജ മുഴുവനും പരിച്ഛേദനയേറ്റ് യഹോവയുമായി ഒരു രക്ത ഉടമ്പടിയിൽ ഏർപ്പെടുന്നു. തുടർന്ന് ഇസഹാക്കിന്റെ ജനനത്തിന്റെ എട്ടാം നാളിൽ അബ്രഹാം അവനെ പരിച്ഛേദന ചെയ്തതു മുതൽ എട്ടാം നാൾ പരിച്ഛേദന എന്ന നിയമം പ്രാബല്യത്തിൽ വരുന്നു (അപ്പോ. പ്ര. 7:2-10). ഒരു വ്യക്തിയുടെ ജനനം മുതൽ എട്ടാം നാൾ പരിച്ഛേദന നടത്തി ആ വ്യക്തിക്ക് പേരിടണം. ഭാരതീയ രീതിയിൽ കുഞ്ഞിനെ പേർ ചൊല്ലി വിളിക്കുന്ന നാമകരണ സംസ്ക്കാരമാണ് ഇത്. വി. മാമോദീസായുടെ ക്രമത്തിൽ തൈലം കൂടാതെയുള്ള ആദ്യത്തെ മുദ്രണ സമയത്താണ് പൗരസ്ത്യ ഓർത്തഡോക്സ് സഭ ഒരു വ്യക്തിയ്ക്ക് പേര്

നൽകി വിളിക്കുന്നത് എന്ന് ഓർമ്മിക്കാം.


നമ്മുടെ കർത്താവിനടുത്ത പെരുന്നാളുകളിൽ ചേലാകർമ്മ പെരുന്നാളിന്റെ പ്രാധാന്യം ഒരു പക്ഷേ കുറഞ്ഞ് ആ ദിവസത്തിന് വർഷാരംഭം എന്ന അമിത പ്രാധാന്യം പലപ്പോഴും കൊടുക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ന്യൂ ഇയറിൽ (ജനുവരി 1) നന്നാകാനിരിക്കുന്ന ആത്മീയവേരില്ലാത്ത ചിലരുടെ കണ്ടുപിടുത്തമാണ് ഡിസം. 31-ന് രാത്രിയിൽ 12 മണിക്ക് വി. കുർബ്ബാന അർപ്പിച്ച് ലൈറ്റ് അണയ്ക്കുകയും വീണ്ടും കത്തിക്കുകയും ഒക്കെ ചെയ്യുന്ന പ്രതിഭാസം. അത്തരത്തിലുള്ള നാടകങ്ങൾ പ. സഭയുടെ ആരാധനാ പാരമ്പര്യത്തിൽ ഇല്ല എന്ന് പ്രത്യേകം ഓർക്കണം. പ. സഭയുടെ ആരാധനാ വർഷം ആരംഭിക്കുന്നത് കൂദോസ് ഈത്തോ പെരുന്നാളിലാണെന്ന് നാം കണ്ടുവല്ലോ.

അബ്രഹാമിൽ ആരംഭിച്ച ജഡിക പരിച്ഛേദന ക്രിസ്തുവിൽ പുതുക്കപ്പെടുമ്പോൾ നാം ആത്മിക പരിച്ഛേദന ഏറ്റവരായി ക്രിസ്തുവിൽ പുതിയ ഒരു ജനതയായി തീരുന്നുയെന്ന സത്യം വിശ്വാസികളെ ധ്യാനപൂർവ്വം പഠിപ്പിക്കേണ്ട ദിവസമാണിത്. അവ്വണ്ണം നമ്മെ വളർത്തിയ പിതാക്കന്മാരെയെല്ലാം ആ ദിവസത്തിൽ ഓർത്ത് പ. സഭയുടെ ഏറ്റവും വലിയ ഓർമ്മപെരുന്നാളായി ആ ദിവസം ആഘോഷിക്കുവാനാണ് പ. സഭ ആഹ്വാനം ചെയ്യുന്നത്. മറ്റ് പെരുന്നാൾ ദിനങ്ങൾ പോലെ പിതാക്കന്മാരുടെ പെരുന്നാൾ ക്രമത്തിൽ സന്ധ്യ മുതൽ നമസ്ക്കാരങ്ങൾ ആരംഭിച്ച് ഉച്ച വരെയുള്ള ക്രമം പൂർത്തീകരിച്ച് പെരുന്നാൾ ക്രമത്തിൽ വി. കുർബ്ബാന അർപ്പിച്ച് സെക്കുലർ പുതു വർഷത്തിലേയ്ക്ക് പ്രവേശിക്കുന്നതായിരിക്കും ഏറെ അഭികാമ്യം. ചുരുക്കത്തിൽ കർത്താവിന്റെ ചേലാകർമ്മപെരുന്നാളും പിതാക്കന്മാരുടെ ഓർമ്മപെരുന്നാളും കഴിഞ്ഞുള്ള പ്രാധാന്യം മാത്രമേ റോമൻ കലണ്ടർ പ്രകാരമുള്ള പുതുവത്സരത്തിന് കൊടുക്കേണ്ടതുള്ളു എന്ന് സാരം.

ജനുവരി മാസം മൂന്നാം തീയതി മലങ്കരസഭയെ സംബന്ധിച്ചിടത്തോളം ഏറെ പ്രാധാന്യമുള്ള ഒരു പെരുന്നാൾ (വലിയ നാൾ) ആണ്. വിദേശ മത മേൽകോയ്മകൾക്കെതിരെ മലങ്കര നസ്രാണികൾ മട്ടാഞ്ചേരിയിൽ സംഘടിച്ച് പ്രതിജ്ഞയെടുത്തതിന്റെ - കൂനൻകുരിശ് സത്യം - 366-ാം ഓർമ്മ നാം ആഘോഷിക്കുന്നു. ഒപ്പം മലങ്കരസഭയെ ഏറെ ചൈതന്യത്തോടെ അര നൂറ്റാണ്ടിലേറെ പരിപാലിച്ച പ. ഗീവർഗ്ഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ 56-ാം ഓർമ്മപെരുന്നാൾ സഭയുടെ ഇപ്പോഴത്തെ ആസ്ഥാനമായ ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പലിൽ വച്ച് നാം ആഘോഷിക്കുന്നു.

ഒരു വിദേശ അടിമ നുകത്തിനും കീഴ്പെടാതെ മലങ്കരസഭയുടെ സ്വാതന്ത്ര്യം കണ്ണിന്റെ കൃഷ്ണമണി പോലെ നാം കാത്തു സൂക്ഷിക്കുമെന്ന് പ്രഖ്യാപിക്കുവാൻ പ. സഭയുടെ അസോസിയേഷൻ അംഗങ്ങളുടെ ഒരു സമ്മേളനം പ. പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ അദ്ധ്യക്ഷതയിൽ അന്ന് ദേവലോകത്ത് സമ്മേളിക്കുന്നു.

ദൈവം നമ്മെ അനുഗ്രഹിക്കട്ടെ. ❑





മലങ്കര ഓർത്തഡോക്സ് സഭയുടെ അങ്കമാലി ഭദ്രാസനത്തിൽപ്പെട്ട പീച്ചാനിക്കാട് സെന്റ് ജോർജ് താബോർ ഓർത്തഡോക്സ് പള്ളിയുടെ കരോൾ സംഘത്തിന് നേരെ പാത്രിയർക്കീസ് വിഭാഗം നടത്തിയ ആക്രമണം പ്രതിഷേധാർഹമാണെന്ന് മലങ്കര ഓർത്തഡോക്സ് സഭാ മാധ്യമ വിഭാഗം പ്രസിഡന്റ് ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത.

ശാന്തിയുടെയും സമാധാനത്തിന്റെയും സന്ദേശം വഹിച്ചുകൊണ്ടെത്തിയ കുഞ്ഞുങ്ങളും സ്ത്രീകളുമടങ്ങിയ കരോൾ സംഘത്തോട് വിദ്വേഷപരമായി ഇടപെടുകയും അവരെ ആക്രമിക്കുകയും ചെയ്യുന്നത് നാട്ടിലെ സമാധാന ജീവിതം പൂർണ്ണമായി നശിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ്. ക്രിസ്തുമസ് ദിനങ്ങളിൽ ഇത്തരത്തിലുള്ള സംഘടിത ആക്രമണങ്ങളിലൂടെ നിയമത്തെ അട്ടിമറിക്കാമെന്ന് ചിന്തിക്കുന്നുവെങ്കിൽ അവർ മൂഢസ്വർഗത്തിലാണ്. ഈ പൈശാചികതയ്ക്ക് നേരെ സർക്കാർ കണ്ണ് അടയ്ക്കുന്നുവെങ്കിൽ അത് സംസ്ഥാനത്തിന് ഗുരുതരമായ വിപത്തായിരിക്കും സൃഷ്ടിക്കുക. അക്രമികളെ എത്രയും പെട്ടെന്ന് അറസ്റ്റ് ചെയ്ത് അവർക്ക് മാതൃകപരമായി ശിക്ഷ നൽകണമെന്നും മാർ യൂലിയോസ് ആവശ്യപ്പെട്ടു.



സിംഗപ്പൂർ സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രലിൽ ജനനപെരുന്നാൾ ശുശ്രൂഷയ്ക്ക് ഡോ. ഗീവർഗീസ് മാർ യൂലിയോസ് മുഖ്യകാർമ്മികത്വം വഹിച്ചു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

സഭാപിതാക്കന്മാർ

വി. ബസേലിയോസും നിസ്സായിലെ വി. ഗ്രീഗോറിയോസും

ഫാ. ഡോ. ബി. വർഗീസ്

സഭാപിതാക്കന്മാരിൽ അഗ്രഗണ്യരാണ് കപ്പദോക്യൻ പിതാക്കന്മാരെന്നറിയപ്പെടുന്ന കൈസറിയായിലെ ബസേലിയോസും (C 330-379), സഹോദരനായ നിസായിലെ ഗ്രീഗോറിയോസും (330 -395), സുഹൃത്തായ നാസിയാൻസിലെ ഗ്രീഗോറിയോസും (329-389). സഭാചരിത്രത്തിലെ ഏറ്റവും നിർണ്ണായക ഘട്ടമായ നാലാം നൂറ്റാണ്ടിലെ വേദവിപരീതങ്ങൾക്കെതിരെ ഈ പിതാക്കന്മാർ പ്രസംഗിക്കുകയും എഴുതുകയും പഠിപ്പിക്കുകയും ചെയ്തു. ഓർത്തഡോക്സ് വിശ്വാസത്തിന് അടിത്തറയിട്ടവരാണ് ഈ മൂന്നു പിതാക്കന്മാരും.


വി. ബസേലിയോസും, ഇളയ സഹോദരനായ നിസായിലെ വി. ഗ്രീഗോറിയോസും ഏഷ്യാമൈനറിലെ പൊന്തോസ് എന്ന സ്ഥലത്തെ ഒരു സമ്പന്ന കുടുംബത്തിലാണ് ജനിച്ചത്. പിതാവിന്റെ പേരും ബസേലിയോസ് എന്നുതന്നെയായിരുന്നു. പേരെടുത്ത ഒരു നിയമജ്ഞനും, പ്രസംഗകല (rhetoric) യിൽ അദ്ധ്യാപകനും ആയിരുന്നു പിതാവ്. മാതാവ് എമെലിയാ സാമ്പത്തികമായി തകർന്ന ഒരു കുലീന കുടുംബത്തിലാണ് ജനിച്ചത്. എമെലിയായുടെ പിതാവ് ഒരു പീഡയുടെ കാലത്ത് കൊല്ലപ്പെടുകയും, കുടുംബസ്വത്ത് ഭരണാധികാരികൾ പിടിച്ചെടുക്കുകയും ചെയ്തിരുന്നു. ബസേലിയോസ് - എമെലിയാ ദമ്പതികൾക്ക് അഞ്ച് ആൺമക്കളേയും അഞ്ച് പെൺമക്കളേയും ആയിരുന്നു ദൈവം നൽകിയത്. ആൺകുട്ടികളിൽ മൂത്തയാളായിരുന്നു വി. ബസേലിയോസ്. അഞ്ച് ആൺകുട്ടികളിൽ ഒരാൾ ശൈശവാവസ്ഥയിൽ തന്നെ മരണമടഞ്ഞു. മറ്റൊരാൾ യൗവന പ്രായത്തിൽ അപകടത്തിൽ അകാല ചരമം പ്രാപിച്ചു. ശേഷിക്കുന്ന മൂന്ന് ആൺമക്കളിൽ ബസേലിയോസ് കൈസര്യായിലെയും, ഗ്രീഗോറിയോസ് നിസായിലെയും പത്രോസ് സെബസ്ത്യായിലെയും ബിഷപ്പന്മാരായിത്തീർന്നു.

അഞ്ചു സഹോദരിമാരിൽ മൂത്തവളായ വി. മക്രീനായുടെ സ്വാധീനത്തിലാണ് ബസേലിയോസും സഹോദരന്മാരും സഭാ ശുശ്രൂഷയ്ക്കിറങ്ങിയത്. സ്ത്രീകളുടെ സന്യാസപ്രസ്ഥാനം ആരംഭിക്കുന്നതിൽ വി. മക്രീനയുടെ സംഭാവനകൾ അവിസ്മരണീയങ്ങളാണ്. സന്യാസിനീ മഠത്തോടനുബന്ധിച്ച് അനാഥരുടെയും, രോഗികളുടെയും, പരിചരണത്തിനുള്ള സൗകര്യങ്ങളും മക്രീന ഏർപ്പെടുത്തിയിരുന്നു. ആധുനിക ആതുര ചികിത്സാലയങ്ങളുടെ ആരംഭം മക്രീന ആരംഭിച്ച മഠങ്ങളിൽ നിന്നായിരുന്നു.

വിദ്യാഭ്യാസം

പ്രാഥമിക വിദ്യാഭ്യാസം കൈസറിയായിൽ നടത്തി. പിൽക്കാലത്ത് നാസിയാൻസിലെ ബിഷപ്പായിത്തീർന്ന വി. ഗ്രീഗോറിയോസ്, ബസേലിയോസിന്റെ സഹപാഠിയായിരുന്നു. പ്രാഥമിക വിദ്യാലയത്തിൽ ആരംഭിച്ച ആ സുഹൃദ്ബന്ധം ആജീവനാന്തം നീണ്ടുനിന്നു. കൈസറിയായിലെ പഠനത്തിനുശേഷം തത്വശാസ്ത്രവും, പ്രസംഗകലയും അഭ്യസിക്കുവാൻ ബസേലിയോസ് കോൺസ്റ്റാന്റിനോപ്പിളിലേക്കു പോയി. ലിബാനിയസ് എന്ന വിഖ്യാത തത്വചിന്തകന്റെ കീഴിൽ പഠിക്കുവാൻ അദ്ദേഹത്തിനിടയായി.

തുടർന്ന് 351-ൽ ഉപരിപഠനത്തിനായി ബസേലിയോസ് ഗ്രീസിന്റെ തലസ്ഥാനമായ ആതൻസിലേക്കു പോയി. അന്നത്തെ ഏറ്റവും പ്രശസ്തമായ വിദ്യാപീഠമായിരുന്നു ആതൻസ്. ബസേലിയോസിനു മുമ്പായി നാസിയാൻസിലെ ഗ്രീഗോറിയോസ് അവിടെ എത്തിയിരുന്നു. ഇന്നത്തെ വൈദ്യശാസ്ത്ര-സാങ്കേതിക വിദ്യാലയങ്ങളിലുള്ള രീതിയിൽ പുതിയ വിദ്യാർത്ഥികളെ 'മെരുക്കുവാനുള്ള' റാഗിംഗ് അക്കാലത്തുണ്ടായിരുന്നു. പാട്ടുകൾ പാടി ആഘോഷമായി കുളിമുറിയിലേക്കും, തിരിച്ച് താമസ സ്ഥലത്തേക്കും കൊണ്ടുവരുന്നതായിരുന്നു ബസേലിയോസിന് കിട്ടിയ 'സ്വീകരണം.' ബാല്യകാല സുഹൃത്തായ നാസിയാൻസിലെ ഗ്രീഗോറിയോസാണ് കൂടുതൽ ബുദ്ധിമുട്ടുകൾ ഉണ്ടാകാതെ അദ്ദേഹത്തെ രക്ഷിച്ചത്. ഗ്രീക്കു തത്വചിന്തയുൾപ്പെടെ വിവിധ വിജ്ഞാന ശാഖകളിൽ വ്യുൽപ്പത്തി നേടുന്നതിന് ആതൻസിലെ പഠനം മൂലം ബസേലിയോസിനു സാധിച്ചു.



സന്യാസജീവിതത്തിലേക്ക്

പഠനം പൂർത്തിയാക്കിയപ്പോൾ ആതൻസിലെ വിദ്യാപീഠത്തിൽ അദ്ധ്യാപക പദവി വാഗ്ദാനം ചെയ്തെങ്കിലും ബസേലിയോസ് കൈസറിയായിലേക്ക് തിരികെപ്പോകുവാൻ തീരുമാനിക്കുകയാണുണ്ടായത്. ആതൻസിലെ അദ്ധ്യാപക പദവി അക്കാലത്ത് പണ്ഡിതന്മാർക്കെല്ലാം ഒരു സ്വപ്നമായിരുന്നു. ഒരു പണ്ഡിതന്റെ കഴിവുകളുടെ പരമമായ അംഗീകാരമായിരുന്നു അത്തരം ഒരു പദവി. കൈസറിയായിൽ തിരിച്ചെത്തിയ ബസേലിയോസ് പ്രസംഗകല പഠിപ്പിക്കുന്ന (rhetoric) ഒരു വിദ്യാലയം ആരംഭിച്ചു. അദ്ധ്യാപകന്റെയും വിദ്യാലയത്തിന്റെയും പ്രശസ്തി നിമിത്തം സമീപപ്രദേശങ്ങളിലെ പല പട്ടണങ്ങളിൽ നിന്നും, അതുപോലെയുള്ള വിദ്യാലയങ്ങൾ ആരംഭിക്കുവാൻ അദ്ദേഹത്തിന് ക്ഷണം ലഭിക്കുകയുണ്ടായി.


ബസേലിയോസിന്റെ മൂത്ത സഹോദരി മക്രീന ഇതിനോടകം സന്യാസിനീമഠം ആരംഭിച്ചിരുന്നു. സഹോദരിയുടെ സ്വാധീനത്തിൽ അദ്ദേഹവും സന്യാസജീവിതം സ്വീകരിക്കുവാൻ തീരുമാനിച്ചു. 357-ൽ ബസേലിയോസ് കോറൂയോ (Reader) സ്ഥാനം സ്വീകരിച്ചു. തുടർന്ന് പാലസ്റ്റീൻ, മെസോപൊത്തോമ്യ, സിറിയ, ഈജിപ്ത് എന്നിവിടങ്ങളിലെ സന്യാസാശ്രമങ്ങൾ സന്ദർശിച്ച് താപസജീവിതത്തിന്റെ വിവിധ വശങ്ങൾ നേരിട്ടു മനസ്സിലാക്കി. ഈജിപ്തിൽ വെച്ച് വി. അത്താനാസ്യോസിനെ കണ്ട് സംസാരിക്കുന്നതിനും

അദ്ദേഹത്തിനിടയായി. ഒടുവിൽ സ്വദേശത്തു തിരിച്ചെത്തി പൊന്തോസിൽ ഒരു പുതിയ ആശ്രമം അദ്ദേഹം സ്ഥാപിച്ചു. അനേക സന്യാസിമാർ ഒരുമിച്ചു താമസിക്കുന്ന ഒരു ആശ്രമം ഏഷ്യാമൈനറിൽ ആദ്യമായി സ്ഥാപിതമായത് അങ്ങനെയാണ്. കഠിനമായ തപശ്ചര്യകളും നീണ്ട യാത്രകളും ബസേലിയോസിന്റെ ആരോഗ്യം നശിപ്പിച്ചു. അമ്പതാമത്തെ വയസിൽ അദ്ദേഹം ഇഹലോകവാസം വെടിയുവാൻ ഇടയായത് അങ്ങനെയാണ്. മഹാപണ്ഡിതനും കുലീന കുടുംബാംഗവുമായ അദ്ദേഹം സന്യാസജീവിതത്തിന്റെ അടിസ്ഥാന പ്രമാണങ്ങളിൽ ഒന്നായ ദാരിദ്ര്യത്തെ സ്വമനസോടെ വരിച്ചു. അദ്ദേഹത്തിന് സ്വന്തമായി രാത്രിയിൽ ധരിക്കുവാൻ ഒരു രോമക്കുപ്പായമുൾപ്പെടെ ഒരു ജോഡി വസ്ത്രങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളു. ബസേലിയോസിന്റെ സന്യാസ ജീവിതത്തിൽ ആകൃഷ്ടരായി അനേകർ പൊന്തോസിൽ ആശ്രമങ്ങൾ സ്ഥാപിച്ച് കഠിന വ്രതത്തിൽ ജീവിച്ചു. നിഖ്യാസുന്നഹദോസിൽ പ്രഖ്യാപിതമായ ഓർത്തഡോക്സ് വിശ്വാസം സംരക്ഷിക്കുന്നതിൽ പരമപ്രധാനമായ പങ്കുവഹിച്ചത് ഈ താപസശ്രേഷ്ഠന്മാരായിരുന്നു.

വിശ്വാസ സംരക്ഷണത്തിൽ

അറിയോസിന്റെ വേദവിപരീതം പൗരസ്ത്യ ദേശത്തെങ്ങും പ്രചരിച്ച കാലഘട്ടമായിരുന്നു നാലാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം. ഇവർക്കെതിരായി പ്രസംഗിക്കുന്നതിനും പഠിപ്പിക്കുന്നതിനും കപ്പദോക്യയിലെ കൈസറിയാ മെത്രാസനത്തിന്റെ ബിഷപ്പ് യൂസേബിയോസ് (സഭാചരിത്രകാരനായ യൂസേബിയോസിന്റെ പിൻഗാമി) ബസേലിയോസിനെ ക്ഷണിച്ചു. ക്ഷണം നിരസിക്കുവാൻ ബസേലിയോസിനു കഴിഞ്ഞില്ല. 364-ൽ ആയിരുന്നു ഇത്. അറിയോസ് പക്ഷപാതിയായ വാലൻസ് ചക്രവർത്തിയുടെ പിന്തുണയോടെയായിരുന്നു വേദവിപരീതികൾ പ്രവർത്തിച്ചിരുന്നത്. ബസേലിയോസിന്റെ പ്രസംഗങ്ങൾ ജനങ്ങളെ ആകർഷിച്ചു. ദിവസേന രാവിലെ ജോലിക്കു പോകുന്നതിനു മുമ്പ് കൈസറിയായിലെ ജനങ്ങൾ അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കുവാൻ ദേവാലയത്തിൽ എത്തിയിരുന്നു. 370-ൽ യൂസേബിയോസ് മരണമടഞ്ഞപ്പോൾ പിൻഗാമിയായി ബസേലിയോസ് തെരഞ്ഞെടുക്കപ്പെട്ടു. ബസേലിയോസിന്റെ പ്രവർത്തനത്താൽ അനേകർ അറിയോസിന്റെ ഉപദേശം ഉപേക്ഷിച്ച് ഓർത്തഡോക്സ് വിശ്വാസത്തിലേക്ക് തിരിഞ്ഞത് ചക്രവർത്തിയായ വാലൻസിനെ കുപിതനാക്കി. ബസേലിയോസിന്റെ മനസു മാറ്റുവാൻ ചക്രവർത്തി ഒരു മന്ത്രിയായ മോഡസ്റ്റസിനെ അയച്ചു. ക്രൂരനായ മോഡസ്റ്റസ് അറിയോസു പക്ഷക്കാരായ കുറെ മെത്രാന്മാരോടു കൂടി കൈസറിയായിൽ എത്തി. അറിയോസ് പക്ഷത്തേക്കു തിരിയുവാൻ അയാൾ 'ചക്രവർത്തിയുടെ നാമത്തിൽ' ബസേലിയോസിനോട് അഭ്യർത്ഥിച്ചു. 'ക്രിസ്തുവിന്റെ നാമത്തിൽ ഞാനതു നിരസിക്കുന്നു' എന്നതായിരുന്നു മറുപടി. സ്വത്തുക്കൾ പിടിച്ചെടുക്കുമെന്നും, നാടു കടത്തുമെന്നും, പീഡിപ്പിക്കുമെന്നും, കൊല്ലുമെന്നുമൊക്കെ മോഡസ്റ്റസ് ഭീഷണിപ്പെടുത്തി. ഈ ഭീഷണികളിൽ തനിക്ക് ഭയമില്ലെന്നായിരുന്നു ബസേലിയോസിന്റെ മറുപടി. കണ്ടുകെട്ടുവാനായി കുറെ പഴന്തുണിയും, പുസ്തകങ്ങളും മാത്രമേയുള്ളു. ദൈവത്തിന്റെ രാജ്യത്തിനു പുറത്തേക്ക് നാടുകടത്തുവാൻ ചക്രവർത്തിക്കു കഴിയുകയില്ലല്ലോ. ശരീരം മിക്കവാറും ചത്ത നിലയിലായതിനാൽ ശാരീരിക പീഡയേയും ഭയമില്ല; സ്വന്തമായ സ്വർഗ്ഗീയ ഭവനത്തിലേക്ക് വേഗം യാത്രയാകാൻ ആഗ്രഹിക്കുന്നതിനാൽ മരിക്കുന്നതിൽ സന്തോഷമേയുള്ളു എന്നിങ്ങനെ ബസേലിയോസ് മറുപടി നൽകി. മോഡസ്റ്റസ് ലജ്ജിതനായി പിൻവാങ്ങിയെന്ന് പറയേണ്ടതില്ലല്ലോ? ബസേലിയോസിന്റെ വിശ്വാസ സ്ഥിരതയിലേക്കും, ജീവിത വീക്ഷണത്തിലേക്കും വിരൽ ചൂണ്ടുന്നതാണ് ഈ സംഭവം.

കപ്പദോക്യയിലെ പ്രത്യേക രാഷ്ട്രീയ പരിതസ്ഥിതിയിൽ വിശ്വസ്തരായ സഹമെത്രാപ്പോലീത്താമാരുണ്ടാകേണ്ടതിന്റെ ആവശ്യകത ബസേലിയോസിന് ബോധ്യമായി. സുഹൃത്തായ നാസിയാൻസിലെ ഗ്രീഗോറിയോസിനെ നിർബന്ധിച്ച് സാസിമായിലെ മെത്രാസനത്തിന്റെ ചുമതലയും, സഹോദരനായ ഗ്രീഗോറിയോസിനെ നിസ്സാ എന്ന മെത്രാസനത്തിന്റെ ചുമതലയും ഏൽപിച്ചു. തനിക്കിഷ്ടമില്ലാത്ത മെത്രാപ്പോലീത്താ പദവി അടിച്ചേൽപ്പിച്ചതിന് നാസിയാൻസിലെ ഗ്രീഗോറിയോസിന് ആജീവനാന്തം പരാതി ഉണ്ടായിരുന്നു. എങ്കിലും സുഹൃത്തിനെ പ്രതി മാത്രമാണ് ആ സ്ഥാനം വഹിക്കുവാൻ അദ്ദേഹം തീരുമാനിച്ചത്.



നിസ്സായിലെ ഗ്രിഗോറിയോസ്

കഠിനാദ്ധ്വാനവും തപശ്ചര്യകളും ബസേലിയോസിന്റെ ആരോഗ്യത്തെ ക്ഷയിപ്പിച്ചു. ജീവിതത്തിൽ ഒരു നല്ല പങ്കും രോഗം മൂലം അദ്ദേഹം കഷ്ടപ്പെട്ടിരുന്നു. 379-ൽ അദ്ദേഹം കർത്തൃസന്നിധിയിലേക്ക് വിളിക്കപ്പെട്ടു.

കൃതികൾ

വിശ്വാസപരവും, വേദവ്യാഖ്യാനപരവുമായ ഗ്രന്ഥങ്ങളും പ്രസംഗങ്ങളും ബസേലിയോസ് എഴുതിയത് ഇന്ന് ലഭ്യമാണ്. കൂടാതെ അനേകം വ്യക്തിപരമായ കത്തുകളും വേദശാസ്ത്രപരമായി പ്രാധാന്യമുള്ളവയാണ്. പുസ്തകങ്ങളിൽ ഏറ്റവും പ്രധാനം അറിയോസ് വിശ്വാസിയായ എവുനോമിയോസിനെതിരായി എഴുതിയ ഗ്രന്ഥവും (Against Eunomius), പരിശുദ്ധാത്മാവിനെപ്പറ്റിയുള്ള കൃതിയും (On the Holy Spirit) ആണ്. ബസേലിയോസിന്റെ കൃതികളിൽ പലതും ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട് (A select Library of Nicene and post-Nicene Fathers of the Christian Church, Vol. 8).

'എത്രകാലം ജീവിച്ചു എന്നതല്ല, എങ്ങനെ ജീവിച്ചു എന്നതാണ് പ്രധാനം' എന്ന മഹത് വചനം ബസേലിയോസിന്റെ കാര്യത്തിൽ അർത്ഥവത്താണ്. നാല്പത്തിഒമ്പതു വർഷം മാത്രം ജീവിച്ചിരുന്ന അദ്ദേഹം സന്യാസ പ്രസ്ഥാനത്തിന് അടിത്തറയിടുകയും, വിശ്വാസത്തിന്റെ അടിസ്ഥാന പ്രമാണങ്ങൾ തന്റെ കൃതികളിലൂടെ സഭയ്ക്ക് നൽകുകയും ചെയ്തു.

മഹാപണ്ഡിതനും, സമ്പന്ന കുടുംബാംഗവുമായിരുന്ന അദ്ദേഹം പാവപ്പെട്ടവരിൽ പാവപ്പെട്ടവനായിട്ടാണ് ജീവിച്ചത്. പൊന്തോസിലെ സന്യാസാശ്രമത്തോടനുബന്ധിച്ച് നടത്തിയിരുന്ന അനാഥാലയവും, ആശുപത്രിയും, അഗതികൾക്കും, ആതുരർക്കും ആശ്വാസമരുളി. സ്വന്ത ജീവിതം മുഴുവനും ദൈവമഹത്വത്തിനായി സമർപ്പിച്ച മഹാപരിശുദ്ധനായിരുന്നു അദ്ദേഹം. ഇക്കാരണത്താലാണ് മഹാനായ ബസേലിയോസ് (Basil the Great) എന്ന പേര് സഭാപാരമ്പര്യത്തിൽ അദ്ദേഹത്തിനു നൽകിയിരിക്കുന്നത്.

നിസ്സായിലെ വി. ഗ്രീഗോറിയോസ്

ഗ്രീഗോറിയോസ് 335-നോടടുത്ത് കൈസറിയായിൽ ജനിച്ചുവെന്നാണ് വിചാരിക്കപ്പെടുന്നത്. ചെറുപ്പത്തിൽ അദ്ദേഹം അത്ര സമർത്ഥനൊന്നു മായിരുന്നില്ല. പഠനത്തിൽ വലിയ സമർത്ഥനല്ലായിരുന്നു അദ്ദേഹം. ബസേലിയോസിന്റെ ബുദ്ധിസാമർത്ഥ്യമൊന്നും ആ ബാലന് ഉണ്ടായിരുന്നില്ല.

കൈസറിയായിലെ നാല്പതു സഹദേന്മാരുടെ ദേവാലയം ഗ്രീഗോറിയോസിന്റെ ആത്മീയ ജീവിതത്തെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. ദേവാലയ പരിസരത്തുള്ള ഉദ്യാനത്തിൽ ഒരു ദിവസം അദ്ദേഹം ഉറങ്ങിക്കിടക്കുകയാണ്. ഉറക്കത്തിൽ അദ്ദേഹം ഒരു സ്വപ്നം കണ്ടു; സഹദേന്മാർ പ്രത്യക്ഷപ്പെട്ട് തന്നെ ഒരു വടി കൊണ്ട് അടിച്ചതായി. ഗ്രീഗോറിയോസ് ഞെട്ടിയുണർന്നു. അടിയുടെ വേദന ദേഹത്തുണ്ട്. ആ സംഭവത്തിനു ശേഷം അദ്ദേഹം ഒരു വിജ്ഞാനാന്വേഷകനായി. ക്രിസ്തീയ ഗ്രന്ഥങ്ങൾ വായിക്കുന്നതിൽ അദ്ദേഹം പ്രത്യേകം ശ്രദ്ധ കാണിച്ചിരുന്നു.

ബസേലിയോസും, നൗക്രാറ്റിയസും, മക്രീനയുമൊക്കെ സന്യാസ ജീവിതത്തിലേക്ക് തിരിഞ്ഞകാലമായിരുന്നു അത്. സന്യാസിയാകാനുള്ള ഉത്ക്കടമായ അഭിവാഞ്ഛ ഗ്രീഗോറിയോസിലും മൊട്ടിട്ടു തുടങ്ങി. അദ്ദേഹം പൊന്തോസിലെ ഒരു ആശ്രമത്തിൽ അംഗമായിച്ചേർന്നു. ജീവിതത്തിലെ ഒരു വഴിത്തിരിവായിരുന്നു അത്. പഠിക്കുവാൻ ധാരാളം സമയവും സൗകര്യവും; ഗ്രീഗോറിയോസ് ശരിക്കും പ്രയോജനപ്പെടുത്തി. ഒരു കർമ്മനിരതനായ സന്യാസിയെന്നതിനേക്കാൾ വിജ്ഞാനാന്വേഷിയായ ഒരു വിദ്യാർത്ഥിയായിട്ടാണ് അവിടെ അദ്ദേഹം സമയം ചെലവഴിച്ചത്.

ഗ്രീഗോറിയോസിന്റെ നിഷ്ക്കളങ്കതയ്ക്കു തെളിവാണ് ഒരു വഴക്കു തീർക്കുന്നതിൽ പ്രയോഗിച്ച സൂത്രം. ബസേലിയോസും "മാതൃസഹോദരനായ ഗ്രീഗോറിയോസും" തമ്മിൽ ഏതോ കാര്യത്തിൽ പിണങ്ങി. കൊച്ചു ഗ്രീഗോറിയോസ് ഇതറിഞ്ഞു. ഇരുവരെയും രമ്യപ്പെടുത്താൻ അദ്ദേഹം ഒരു പൊടിക്കൈ പ്രയോഗിച്ചു. അമ്മാവന്റേതെന്ന വ്യാജേന ഒരു കത്ത് ബസേലിയോസിനയച്ചു. അതിൽ കാര്യങ്ങൾ പരസ്പരം പറഞ്ഞു തീർക്കുവാനായി ബസേലിയോസിനെ ക്ഷണിച്ചിരുന്നു. ബസേലിയോസും അമ്മാവനും കണ്ടുമുട്ടി. പിണക്കങ്ങൾ തീർന്നു. പിന്നീടാണ് കത്തിന്റെ നിജാവസ്ഥ ബസേലിയോസിന് മനസ്സിലായത്. അദ്ദേഹത്തിന്റെ 58-ാമത്തെ ലേഖനം സഹോദരനെ ഇക്കാര്യത്തിൽ ശാസിച്ചുകൊണ്ടുള്ളതാണ്.

370-ൽ ബസേലിയോസ് കൈസറിയായിലെ മെത്രാപ്പോലീത്തായായിത്തീർന്നു. കീഴിലുള്ള പല ബിഷപ്പുമാരും അദ്ദേഹത്തിനെതിരായി. തന്റെ അഭിപ്രായത്തോടു യോജിക്കുന്ന ബിഷപ്പുമാർ ഉണ്ടാകേണ്ടതിന്റെ ആവശ്യകത ബസേലിയോസിന് ബോദ്ധ്യമായി. തന്റെ സുഹൃത്തായ ഗ്രീഗോറിയോസിനെ (നാസിയാൻസ്) 'സോസിമാ' എന്ന മെത്രാസനത്തിന്റെ ചുമതല ഏൽക്കുവാൻ അദ്ദേഹം നിർബന്ധിച്ചു. നിസ്സായുടെ ചുമതല ഏറ്റെടുക്കുവാൻ സ്വസഹോദരനായ ഗ്രീഗോറിയോസിനോടും ആവശ്യപ്പെട്ടു. ഗ്രീഗോറിയോസ് സസന്തോഷം നിസ്സായിലെത്തി. അദ്ദേഹത്തിന് നിസ്സായിൽ തീവ്രമായ എതിർപ്പിനെയാണ് നേരിടേണ്ടി വന്നത്. ചക്രവർത്തിയായ വാലൻസ് അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കി. ഗ്രീഗോറിയോസ് 376-ൽ നാടു കടത്തപ്പെട്ടു. 378-ൽ വാലൻസ് ചക്രവർത്തി മരണമടയുന്നതുവരെ, പലേയിടത്തായി അലഞ്ഞുനടക്കേണ്ടിവന്നു നിസ്സായുടെ മെത്രാപ്പോലീത്തായ്ക്ക്.

379 ജനുവരി 1-ന് ബസേലിയോസ് പരലോകപ്രാപ്തനായി. അടുത്ത സെപ്റ്റംബറിൽ ഗ്രീഗോറിയോസ് ഒരു സുന്നഹദോസിൽ പങ്കെടുക്കുവാനായി അന്ത്യോഖ്യയിലേക്ക് പുറപ്പെട്ടു. അവിടെവച്ചാണ് സ്വസഹോദരി മക്രീനയുടെ അനേസിയിലുള്ള സന്യാസിനീമഠം സന്ദർശിക്കുവാൻ അദ്ദേഹം തീരുമാനിച്ചത്. മക്രീനയുടെ ജീവചരിത്രത്തിൽ തന്റെ സന്ദർശനം അദ്ദേഹം സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. സഹോദരിയെക്കുറിച്ച് ഗ്രീഗോറിയോസിന് അളവറ്റ ബഹുമാനമുണ്ടായിരുന്നു. അവളുടെ ജീവിത വിശുദ്ധിയെപ്പറ്റി അഭിമാനത്തോടും അതിലുപരി ബഹുമാനത്തോടുമാണ് അദ്ദേഹം എഴുതുന്നത്. ഒളിമ്പസിനെ സംബോധനചെയ്തുകൊണ്ടുള്ള മക്രീനയുടെ ജീവചരിത്രത്തിന്റെ ആമുഖത്തിൽ ഗ്രീഗോറിയോസ് പറയുന്നത് ഇങ്ങനെയാണ്:

"ഒരു സ്ത്രീയെന്ന് അവളെ സംബോധന ചെയ്യുന്നത് ശരിയാവുമോ എന്നെനിക്കറിവില്ല. കാരണം സ്ത്രീത്വത്തിന്റെ യാതൊരുവിധ ചാപല്യങ്ങളും ഇല്ലാത്ത ഒരു ഉത്തമ വനിതയായിരുന്നു അവൾ. .... മനുഷ്യന് പ്രാപിക്കാവുന്ന നന്മയുടെ സർവോന്നത പടിയിലേയ്ക്ക് സന്യാസ ജീവിത (Philosophy)' ത്തിലൂടെ അവൾ കുതിച്ചുയർന്നു."

അനേസിയിലെത്തിയ ഗ്രീഗോറിയോസ് മക്രീനയുടെ മരണസമയത്ത് അടുത്തുണ്ടായിരുന്നു. അവളുടെ മൃതദേഹം സംസ്കരിച്ചതിനു ശേഷം അദ്ദേഹം നിസ്സായിലേക്ക് മടങ്ങി. പ്രശ്നങ്ങളുടെ നടുവിലേക്കാണ് അദ്ദേഹം വീണ്ടും ചെന്നെത്തിയത്. ഒരുവിധത്തിൽ കലഹങ്ങൾ ഒതുക്കിയ ശേഷം വീണ്ടും അദ്ദേഹം ദേശാടനം ആരംഭിച്ചു. ബാബിലോണിലെ സഭയെ സമുദ്ധരിക്കുവാൻ അവിടെ എത്തിച്ചേർന്നു. ബാബിലോണിൽ നിന്നും ചിരകാലാഭിലാഷമനുസരിച്ച് വിശുദ്ധ നാടുകൾ സന്ദർശിക്കുവാൻ ഗ്രീഗോറിയോസ് പുറപ്പെട്ടു. വിശുദ്ധനാടുകളിലുടനീളം ഒരു തീർത്ഥാടകനായി അദ്ദേഹം സഞ്ചരിച്ചു.

381-ൽ കുസ്തന്തീനോസ്പോലീസിൽ ചേർന്ന രണ്ടാമത്തെ സാർവ്വത്രിക സുന്നഹദോസിൽ ഗ്രീഗോറിയോസ് സന്നിഹിതനായിരുന്നു. പിന്നീട് പല തവണ അദ്ദേഹം ആ പട്ടണം സന്ദർശിച്ചു. 395-നോടടുത്ത് അദ്ദേഹം ചരമം പ്രാപിച്ചു.

പൗരസ്ത്യ ദൈവശാസ്ത്രത്തിൽ ഗ്രീഗോറിയോസിന്റെ ചിന്താധാരകൾ അതുല്യമായ സ്വാധീനമാണ് ചെലുത്തിയിട്ടുള്ളത്. ഇന്ന് അദ്ദേഹത്തിന്റെ ചിന്താ പശ്ചാത്തലത്തിൽ ഉടലെടുത്തിട്ടുള്ള 'നിയോ ഗ്രിഗോറിയനിസം' പാശ്ചാത്യ പൗരസ്ത്യ ദർശനങ്ങളിൽ ദൂരവ്യാപകമായ പ്രതിഫലനങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു.

❑



ക്രിസ്മസ് ആഘോഷം ശാലേം ഭവനിൽ

മാവേലിക്കര മെത്രാസന എം.ജി.ഓ.സി.എസ്.എം. അംഗങ്ങൾ ക്രിസ്മസ് അറുന്നൂറ്റിമംഗലം പൗലോസ് മാർ പക്കോമിയോസ് ശാലേം ഭവൻ അന്തേവാസികളോടൊപ്പം ആഘോഷിച്ചു. ദേവാലയത്തിലെ ക്രിസ്മസ് ശുശ്രൂഷകൾക്കും വി. കുർബ്ബാനയ്ക്കും ശേഷം പ്രവർത്തകർ ശാലേം ഭവനിലെത്തി ക്രിസ്മസ് കേക്ക് മുറിക്കുകയും ശാന്തിയുടെ സമാധാനത്തിന്റെയും സന്ദേശവും പങ്കുവച്ചു. തുടർന്നു ഭക്ഷണ വിതരണ പദ്ധതിയായ പാഥേയം നടത്തപ്പെട്ടു.

എം.ജി.ഓ.സി.എസ്.എം. മെത്രാസന ജനറൽ സെക്രട്ടറി നികിത് കെ. സഖറിയ, സുബി വർഗീസ്, ഷാരോൺ, ഡെയ്സി, ജെബിൻ സാമുവേൽ, മധ്യ മേഖല സെക്രട്ടറി ലാബി പീടികത്തറയിൽ എന്നിവർ നേതൃത്വം നൽകി.

ലേഖനം

വലിയ ബാവായുടെ ഡയറിക്കുറിപ്പുകൾ

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ

മലങ്കര ഓർത്തഡോക്സ് സഭയിൽ കല്ലാശ്ശേരി ബാവാ, കുറിച്ചി ബാവാ, വലിയ ബാവാ എന്നീ പേരുകളിൽ അറിയപ്പെട്ട പ. ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ (1874-1964) ഡയറിക്കുറിപ്പുകൾ വിളിച്ചറിയിക്കുന്നത് മലങ്കരസഭയുടെ സാമൂഹിക ചരിത്രമാണ്. മലയാള സാഹിത്യ ചരിത്രത്തിൽ കത്തുകളുടെ രൂപത്തിൽ ആദ്യമായി യാത്രാവിവരണം എഴുതിയതും ഗീവർഗീസ് ദ്വിതീയൻ ബാവായാണ്. അദ്ദേഹം 1908 മാർച്ച് 26-ന് ഊർശ്ലേമിലേക്ക് യാത്ര തിരിച്ച് ജൂലൈ 19-ന് തിരിച്ചെത്തിയതിന്റെ ദീർഘമായ യാത്രാനുഭവങ്ങളാണ് യറുശലേം കത്തുകളിലൂടെ അവതരിപ്പിക്കുന്നത്.

പ്രശസ്ത ചരിത്രകാരനും മാധ്യമ പ്രവർത്തകനുമായ ജോയ്സ് തോട്ടയ്ക്കാട് കണ്ടെത്തി പ്രസിദ്ധീകരിക്കുന്ന 'വലിയ ബാവായുടെ ഡയറിക്കുറിപ്പുകൾ' 1957 ആഗസ്റ്റ് 27 മുതൽ 1958 ആഗസ്റ്റ് 20 വരെയുള്ള 358 ദിവസത്തെ അനുദിന സംവേദനങ്ങളാണ്. 'തിരുസന്നിധിയിൽ' എന്ന ഈ ഗ്രന്ഥത്തിൽ, ഏഴ് ഭാഗങ്ങളിലായി പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ഡയറിക്കുറിപ്പുകളും കല്പനകളും പ്രഭാഷണങ്ങളും അനുസ്മരണങ്ങളും ഉൾക്കൊള്ളുന്നു. ഈ കൃതിയിലെ 'ഗുരുശിഷ്യ സംവാദം' അതീവ ഹൃദ്യമാണ്. ഫാ. റ്റി. വി. ജോർജ് നെടുമാവ് ഗുരുവിൽ നിന്നും കേട്ടറിഞ്ഞ അനുഭവങ്ങൾ സംഭാഷണ ശൈലിയിലാണ് അവതരിപ്പിച്ചിരിക്കുന്നത്. 'മലങ്കരയുടെ മഹർഷിവര്യൻ' എന്ന് വിശേഷിപ്പിക്കുന്ന പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ജീവിതവും വേദശാസ്ത്ര ദർശനവും അപഗ്രഥിക്കുന്ന ഡോ. പൗലോസ് മാർ ഗ്രീഗോറിയോസിന്റെ പ്രൗഢവും ദീർഘവുമായ രചനയാണ് അവസാന ഭാഗമായി ഉൾക്കൊള്ളിച്ചിരിക്കുന്നത്.

നിരന്തരമായി എഴുതുവാനും കൃത്യമായി വിവരങ്ങൾ ശേഖരിച്ച് അടയാളപ്പെടുത്തുവാനും അനിതരസാധാരണമായ സിദ്ധിവൈഭവമുണ്ടായിരുന്ന പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ഡയറിക്കുറിപ്പുകൾ സഭാചരിത്രത്തിന്റെ വിവിധ തലങ്ങളാണ് വെളിപ്പെടുത്തുന്നത്.

സ്വകാര്യമായ ദർശനങ്ങളും അഭിപ്രായങ്ങളുമാണ് ഡയറിക്കുറിപ്പിൽ ഉൾക്കൊള്ളുന്നത് എങ്കിലും അത് ഒരു കാലഘട്ടത്തിന്റെ സാമൂഹികവും സാംസ്കാരികവുമായ ചരിത്രത്തെയാണ് അടയാളപ്പെടുത്തുന്നത്. പ. ഗീവർഗീസ് ദ്വിതീയൻ ബാവാ നടത്തിയ വിവാഹം, തൈലാഭിഷേകം, ശവസംസ്ക്കാരം, ഓർമ്മകുർബ്ബാന, പട്ടംകൊട, വൈദിക കബറടക്കം, പള്ളികൂദാശ, സന്ദർശനങ്ങൾ തുടങ്ങി നിരവധി സ്വകാര്യതകൾ കൃത്യമായി ആലേഖനം ചെയ്തിരിക്കുന്ന ഈ ഡയറിക്കുറിപ്പുകൾ വിവിധ ദേശങ്ങളുടെയും പള്ളികളുടെയും കുടുംബങ്ങളുടെയും അടിസ്ഥാന രേഖയായിത്തീരുന്നു.

പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ദർശനങ്ങൾക്കും കാഴ്ചപ്പാടുകൾക്കും അടിത്തറ ലഭ്യമായത് ഗുരുക്കന്മാരായ പുലിക്കോട്ടിൽ ജോസഫ് മാർ മാർ ദീവന്നാസിയോസ് (1833-1909), പ. പരുമല ഗീവർഗീസ് മാർ ഗ്രീഗോറിയോസ് (1848-1902), പ. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസിയോസ് (1858-1934) എന്നിവരിൽ നിന്നുമായിരുന്നു. ഈ ഗുരുപരമ്പരയുടെ അമൂല്യസിദ്ധിവിശേഷങ്ങളായ വിശുദ്ധജീവിതം, വേദപരിജ്ഞാനം, പ്രഭാഷണപാടവം, ഗ്രന്ഥരചനാസിദ്ധി, സാമൂഹിക കാഴ്ചപ്പാട് എന്നിവ ശിഷ്യനായ വലിയ ബാവായിലേക്കും അനുസ്യൂതം സംക്രമിച്ചു. അജപാലനരംഗത്ത് 16 വർഷം മെത്രാപ്പോലീത്തായായും (1912-1929), 34 വർഷം കാതോലിക്കായായും (1929-1964) അതിൽ 28 വർഷം മലങ്കര മെത്രാപ്പോലീത്തായായും (1934 ഡിസംബർ 28 - 1964 ജനുവരി 3) മലങ്കരസഭയെ നയിച്ച യുഗപ്രഭാവവാനായ പ. വലിയ ബാവായുടെ രചനകളും ഡയറിക്കുറിപ്പുകളും സമഗ്രമായി കണ്ടെടുത്തു പ്രസിദ്ധീകരിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

കേരളത്തിന്റെ ദേശീയ സാമൂഹിക രംഗത്തും ആദ്ധ്യാത്മിക രംഗത്തും വിശുദ്ധി പകർന്ന പ്രതിഭാശാലിയായ പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ



ഓർമ്മ ജനുവരി 3-ന് കോട്ടയം ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പലിൽ

ഡയറിക്കുറിപ്പുകൾ ആ ധന്യ ജീവിതവും കർമ്മശേഷിയും വെളിപ്പെടുത്തുന്നു:

1. സ്വകാര്യ ജീവിതക്രമം

പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ സ്വകാര്യ ജീവിതത്തിന്റെ ഒരു ദിവസം ആരംഭിക്കുന്നത് വെളുപ്പിന് നാലു മണിയോടെയാണ്. എല്ലാ ദിവസവും കൃത്യം 10 മണിയോടെ ഉറങ്ങും. ഇക്കാര്യങ്ങൾ കൃത്യമായി ഡയറിക്കുറിപ്പിൽ എഴുതിയിട്ടുണ്ട്. രാവിലത്തെ നമസ്കാരം, പത്രവായന, കാപ്പി, മരുന്ന്, കുത്തിവെയ്പ്, എഴുത്തുകൾക്ക് മറുപടി, സന്ദർശകരെ കാണൽ, സന്ധ്യാ നമസ്കാരം, കുളി, അത്താഴം, പുസ്തകവായന, സൂത്താറ, ഉറക്കം എന്നിങ്ങനെയാണ് ദേവലോകത്തെ ഒരു സാധാരണ ദിവസത്തിന്റെ ക്രമം.

എവിടെപ്പോയാലും കൃത്യമായി വിശ്രമിക്കുകയും ഉറങ്ങുകയും ചെയ്യുമായിരുന്നു. ഡയറിക്കുറിപ്പിൽ അനവധി പ്രാവശ്യം ആവർത്തിക്കുന്ന വാക്കുകളാണ്: വിശ്രമിച്ചു, അല്പസമയം വിശ്രമിച്ചു; സുഖമായി താമസിച്ചു, സുഖമായി ഉറങ്ങി എന്നിവ. വിവാഹ കൂദാശ നടത്തുവാൻ നേരത്തെ ചെല്ലും. അല്പം വിശ്രമിച്ചശേഷം വിവാഹ ശുശ്രൂഷ. ഭക്ഷണം കഴിഞ്ഞും വിശ്രമം. അതിനുശേഷം യാത്ര. വി. കുർബ്ബാന കഴിഞ്ഞു വിശ്രമം. വിശ്രമവും ഉറക്കവും കൃത്യമായി പരിപാലിച്ചതാണ് പ. വലിയ ബാവായുടെ ആരോഗ്യ ജീവിതത്തിന്റെ

മഹാരഹസ്യം.

ഓരോ സ്ഥലങ്ങളിൽ എത്തുമ്പോഴും സന്ദർശകരായി എത്തുന്ന പ്രമുഖർ പ. ബാവായോടൊപ്പം താമസിച്ചിരുന്നു. ദേവലോകത്ത് ദീർഘയാത്ര ചെയ്ത് എത്തുന്ന സന്ദർശകർക്ക് പ. ബാവായോടൊത്ത് താമസം ക്രമീകരിച്ചിരുന്നു. സന്ദർശകരുടെ കൃത്യമായ പേരും വിവരങ്ങളും ഡയറിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

മാതാപിതാക്കളുടെ ഓർമ്മദിവസം കൃത്യമായി കുറിച്ചി പള്ളിയിൽ വി. കുർബ്ബാന അർപ്പിക്കുമായിരുന്നു. 1957 ഒക്ടോബർ 12 ശനിയാഴ്ച അമ്മയുടെ ഓർമ്മദിവസം രാവിലെ കുർബ്ബാന അർപ്പിച്ചു. 'ശവക്കോട്ടയിൽ പോയി പ്രത്യേകം പ്രാർത്ഥന നടത്തി' എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. അപ്പന്റെ ഓർമ്മ 1958 ജനുവരി 14-ന് നടന്നില്ല എന്ന വിവരവും ഉണ്ട്. 1958 ജൂൺ 15-നുള്ള ഡയറിക്കുറിപ്പിൽ: 'നമുക്ക് 84 വയസ്സ് ഇന്നു തികയുന്ന ദിനമായിരുന്നതുകൊണ്ട് കർബ്ബാനമദ്ധ്യേ നാം പ്രസംഗിച്ചു. യാചകകേന്ദ്രത്തിൽ നമുക്കുവേണ്ടി ഒരു സദ്യ നടത്തുന്നുണ്ട്.'

വളരെ ലളിതവും സുതാര്യവുമായ സ്വകാര്യ ജീവിതക്രമമാണ് ഗീവർഗീസ് ദ്വിതീയൻ ബാവായുടേത്. സൗഹൃദങ്ങളും വ്യക്തിബന്ധങ്ങളും ജാതിമതഭേദങ്ങൾക്കപ്പുറമായിരുന്നു. പ്രാർത്ഥനയും ലളിതജീവിതവും വിശുദ്ധിയും പരിരക്ഷിച്ചുള്ള നടപടിക്രമങ്ങൾ പ. വലിയ ബാവാ നിലനിർത്തിയെന്ന് ഡയറിക്കുറിപ്പുകൾ വെളിപ്പെടുത്തുന്നു.


സന്ദർശകരെ കൊണ്ടുവരുന്നവരുടെയും സമ്മാനങ്ങളുടെയും ദീർഘമായ വിവരണങ്ങൾ ഡയറിയിലുണ്ട്. ശെമ്മാശന്മാരുടെ കല്യാണസമയത്ത് സമ്മാനമായി മോതിരം നൽകിയിരുന്നു. വ്യക്തിബന്ധം അഗാധമായി സൂക്ഷിച്ചിരുന്ന പ. ബാവാ തിരുമേനിക്ക് സമ്മാനങ്ങൾ കൊടുക്കുവാനും സ്വീകരിക്കുവാനുമുള്ള വിശാലഹൃദയം ഉണ്ടായിരുന്നു.

2. ക്രമമായ ആരാധനയും പ്രഭാഷണവും

പൗരസ്ത്യ ആദ്ധ്യാത്മികതയും യോഗാത്മകതയും ജീവിതത്തിൽ ഉൾക്കൊണ്ട പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ആരാധനയും പ്രഭാഷണവും അതീവ ഹൃദ്യമായിരുന്നു. ആരാധന കൃത്യസമയത്ത് ആരംഭിക്കും. വി. കുർബ്ബാന പത്ത് പത്തര മണിയോടെ സമാപിക്കും. എല്ലാ ഞായറാഴ്ച ദിനങ്ങളിലും വി. കുർബ്ബാനയിൽ അര മണിക്കൂർ പ്രസംഗിക്കും. ഡയറിക്കുറിപ്പിൽ കുർബ്ബാനമദ്ധ്യേ അര മണിക്കൂർ നാം പ്രസംഗിച്ചു എന്നും 'പത്ത് മണിയോടെ കുർബ്ബാന കഴിഞ്ഞ് നാം വിശ്രമിച്ചു' എന്നും ആവർത്തിക്കുന്നുണ്ട്.

1957-ലെ എട്ടുനോമ്പിന്റെ പ്രാരംഭ ദിവസം പുതിയകാവ് പള്ളിയിലും സെപ്റ്റംബർ 8-ന് ദേവലോകം ചാപ്പലിലും കുർബ്ബാനമദ്ധ്യേ അരമണിക്കൂർ പ്രസംഗിച്ചു. 'ദൈവമാതാവിന്റെ ജനനപ്പെരുന്നാൾ' എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എട്ടുനോമ്പിന്റെ പല ദിവസങ്ങളിലും വി. കുർബ്ബാന അർപ്പിക്കുകയും പ്രസംഗിക്കുകയും ചെയ്തിട്ടുണ്ട്. 1957-ലെ സ്ലീബാ പെരുന്നാളിന് പുത്തൻകാവ് പള്ളിയിൽ ആയിരുന്നു. ഡയറിയിൽ എഴുതി: 'ബസ്മൽക്കോയ്ക്ക് ഇടയ്ക്ക് സ്ലീബാ ആഘോഷ ശുശ്രൂഷ നടത്തി. പത്തരമണിയോടെ സമാപിച്ചു.' അക്കാലത്ത് പല പള്ളികളിലും വി. മൂന്നിന്മേൽ കുർബ്ബാന ഉണ്ടായിരുന്നു. അതിന് മുഖ്യനേതൃത്വം നൽകുകയും ചെയ്തിരുന്നു. മോറാനായ പെരുന്നാളുകളിൽ അന്നും ഇന്നത്തെപ്പോലെ വിശ്വാസികളുടെ സാന്നിധ്യം ശുഷ്ക്കമായിരുന്നു.

ജൂലൈ മൂന്നിനും ഡിസംബർ 18 മുതൽ 20 വരെയും മാർത്തോമ്മായുടെ പെരുന്നാൾ ആചരിച്ചിരുന്നതായി ഡയറി വ്യക്തമാക്കുന്നു. 'മാർത്തോമ്മാ ശ്ലീഹായുടെ ഭാഗ്യമരണം പ്രാപിച്ച ദിവസം' എന്നാണ് എഴുതിയിരിക്കുന്നത്. പിതാക്കന്മാരുടെ പെരുന്നാളുകൾ ഞായറാഴ്ചകളിൽ വന്നാലും ആ ദിവസം പെരുന്നാളായി ആചരിച്ചിരുന്ന പതിവാണ് അക്കാലത്ത് നിലവിലിരുന്നതെന്ന് ഡയറിയിൽ നിന്നും മനസ്സിലാക്കാം. 1957 നവംബർ 24 ഞായറാഴ്ച ആയിരുന്നു പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് രണ്ടാമന്റെ പെരുന്നാൾ പഴയസെമിനാരിയിൽ നടത്തിയത്. 1958 ഫെബ്രുവരി 23 ഞായർ ആയിരുന്നു വട്ടശ്ശേരിൽ തിരുമേനിയുടെ പെരുന്നാൾ. ഡയറിയിൽ നിന്നും: "1958 ഫെബ്രുവരി 23 ഞായർ. വട്ടശ്ശേരിൽ ഗീവർഗീസ് ദീവന്നാസ്യോസ് മെത്രാച്ചന്റെ ഓർമ്മദിവസമായിരുന്നു. വി. മൂന്നിന്മേൽ കുർബ്ബാനയുണ്ടായിരുന്നു. കുർബ്ബാന കഴിഞ്ഞ് അത്താനാസ്യോസ് മെത്രാച്ചൻ പ്രസംഗിക്കുകയും കബറിങ്കൽ പ്രത്യേക


The Orthodox Syrian Church of The East

ധൂപപ്രാർത്ഥന നടത്തുകയും തുടർന്ന് റാസായും മറ്റ് ചടങ്ങുകളും ഉണ്ടായിരുന്നു. 11 മണിയോടുകൂടി പെരുന്നാൾ ചടങ്ങുകൾ അവസാനിച്ചു. 12 1/2 മണിയോടുകൂടി നാം ദേവലോകം അരമനയിൽ വന്നു വിശ്രമിച്ചു." 1957-ലെ പരുമല പെരുന്നാളിന് നവംബർ 2-ന് വെളുപ്പിന് അഞ്ചിനു കുർബ്ബാനയും 7-ന് മൂന്നിന്മേൽ കുർബ്ബാനയും ഉണ്ടായിരുന്നു. ഉച്ചയ്ക്ക് റാസയും. മലങ്കരസഭയിൽ നിലനിന്ന ആരാധനാനുഭവങ്ങളുടെ വ്യക്തമായ ചിത്രം ഡയറിക്കുറിപ്പിൽ നിന്നും ലഭ്യമാകുന്നു.

3. സഭയുടെ ഭരണവും ചട്ടംകെട്ടുകളും

സഭയുടെ ഭരണക്രമങ്ങളും നടപടിചട്ടങ്ങളും സുതാര്യമായും ക്രമമായും നടത്തണമെന്ന് നിഷ്ക്കർഷിച്ചിരുന്ന പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ഭരണകാലത്ത് മെത്രാപ്പോലീത്തന്മാർ എല്ലാവരും പതിവായി ബാവായെ സന്ദർശിക്കുകയും ഇടവക ഭരണകാര്യങ്ങൾ പങ്കിടുകയും ചെയ്തു. വിവിധ സ്ഥലങ്ങൾ സന്ദർശിക്കുന്ന അവസരങ്ങളിൽ ഭദ്രാസനകേന്ദ്രങ്ങളിൽ താമസിക്കുകയും അവിടെ വച്ച് സന്ദർശകരെ സ്വീകരിക്കുകയും ചെയ്തിരുന്നു. വർഷത്തിൽ പല പ്രാവശ്യമായി ഏകദിന സുന്നഹദോസും സഭാ മാനേജിംഗ് കമ്മിറ്റിയും നടത്തി. രണ്ടും വൈകിട്ട് അഞ്ചരയോടെ മാത്രമേ സമാപിച്ചിരുന്നുള്ളു. അടുത്തടുത്ത ദിവസങ്ങളിലാണ് ഇവ നടത്തിയിരുന്നത്.

സണ്ടേസ്കൂൾ അദ്ധ്യാപക അസോസിയേഷൻ, വിശ്വാസ സംരക്ഷകസംഘം, വൈദിക സെമിനാരി വാർഷിക സമ്മേളനം എന്നിവയുടെ വിവരണങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. സാമ്പത്തിക ഇടപാടുകളുടെ കൃത്യമായ വിവരണം ഡയറിയിൽ എഴുതിയിട്ടുണ്ട്. 1958 ഏപ്രിൽ 16-ലെ കുറിപ്പ് ശ്രദ്ധേയമത്രേ: "നമ്മുടെ കൈയിൽ പരുമല നിന്നും കിട്ടിയ 1500 രൂപായും കൈപ്പെട്ടിയിൽ ഇരുന്ന 412 രൂപായും ഉൾപ്പെടെ 2112 രൂപാ ബാങ്കിൽ ഇടുവാൻ ജോർജിന്റെ കൈവശം കൊടുത്തയച്ചു."

നല്ലില, കാരൂർ പള്ളികളുടെ കൂദാശയ്ക്ക് 101 രൂപാവീതം ലഭിച്ചതും ഒരു കല്യാണത്തിന് 126 രൂപാ കൈമുത്തും മറ്റൊരു കല്യാണത്തിന് 101 രൂപായും

വധു 25 രൂപായും കൈമുത്ത് നൽകിയതായും രേഖപ്പെടുത്തിയിരിക്കുന്നു. സന്ദർശിക്കുന്ന പള്ളികളിൽ നിന്നും കേസ് നടത്തിപ്പിനുള്ള പണവും റിശീസായും ലഭിച്ചിരുന്നു. ചില സ്ഥലങ്ങളിൽ നിന്ന് പെട്രോൾ ചാർജ് പ്രത്യേകം നൽകിയതായും എഴുതിയിട്ടുണ്ട്. പുതപ്പ്, നെയ്യ്, തേൻ, വീഞ്ഞ്, പവൻ എന്നിവ എല്ലാം സന്ദർശകർ കാഴ്ചയായി പ. ബാവായ്ക്ക് നൽകിയിട്ടുണ്ട്. അതിന്റെ വിശദവിവരം ഡയറിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

സഭയുടെ പാരമ്പര്യവും വിശ്വാസ അനുഷ്ഠാനങ്ങളും പാലിക്കപ്പെടണമെന്ന നിർബന്ധം പ. ബാവായ്ക്ക് ഉണ്ടായിരുന്നു. 1958 ഏപ്രിൽ 17-ന് എഴുതി: "അച്ചന്മാർക്കുവേണ്ടിയുള്ള ഒരു കല്പന നാം എഴുതിച്ചു. അതായത് അച്ചനായശേഷം വിവാഹം ചെയ്തവരും, മീശ വളർത്താത്തവരും ആയവർ സഭയെ കേൾക്കാത്തവരാണ്. അവർ ശപിക്കപ്പെട്ടവരാണ്. അങ്ങനെയുള്ളവർ യാതൊരു പള്ളി കർമ്മങ്ങളും അനുഷ്ഠിക്കരുത്. ആയതിൽ ആരും സംബന്ധിക്കുകയും അരുത് എന്ന് എഴുതിച്ചു ആഫീസിൽ ഏല്പിച്ചു. ചില ഭേദഗതികൾ വരുത്തണമെന്ന് എല്ലാവരും നമ്മോടാവശ്യപ്പെട്ടു. സഭയുടെ ചട്ടംകെട്ടുകൾക്ക് യാതൊരു വള്ളിക്കും പുള്ളിക്കും വ്യത്യാസവും അഴിവും വരുത്തുവാൻ നിവൃത്തിയില്ല എന്ന് ദൃഢമായി പറഞ്ഞു." തീരുമാനങ്ങളിൽ ഉറച്ചുനിൽക്കുവാനുള്ള ദൃഢനിശ്ചയമാണ് പ. ബാവായുടെ ഭരണമഹത്വം. 1958 ഏപ്രിൽ 29-ലെ സുന്നഹദോസിലെ നിശ്ചയത്തിന്റെ ഒരു കുറിപ്പ് ഡയറിയിൽ ഇപ്രകാരമാണ്: "സുന്നഹദോസിൽ പട്ടക്കാരുടെ വേഷം, മീശ, തൊപ്പി, തലമുടി ഇവയ്ക്കു യാതൊരു പരിഷ്ക്കരണവും വരുത്തിക്കൂടായെന്നും ചർച്ച ചെയ്തു."

ഇങ്ങനെ സഭയുടെ സുപ്രധാനമായ പലതും ഡയറിയിൽ ചുരുളഴിയുന്നുണ്ട്. സുപ്രീംകോടതിയിലെ കേസിന്റെ ചെലവിലേക്കു 30,000 രൂപായോളം വക്കീൽ ഫീസിനും മറ്റും വേണമെന്ന് 1958 ആഗസ്റ്റ് ഒന്നിൽ എഴുതിയിട്ടുണ്ട്. ആഗസ്റ്റ് 7-ന് ഉണ്ടായ ഉരുൾപൊട്ടലിൽ കഷ്ടപ്പെടുന്ന ആളുകൾക്ക് വൈദിക സെമിനാരിയിലെ അച്ചന്മാരും ശെമ്മാശന്മാരും പണം പിരിച്ച് ആ സ്ഥലങ്ങളിൽ എത്തിച്ചു കൊടുത്തതായും പറയുന്നു.

4. എഴുത്തിന്റെ സിദ്ധിയും ശൈലിയും


പ. ഗീവർഗീസ് ദ്വിതീയൻ ബാവാ ഹൃദ്യമായി പ്രസംഗിക്കുന്നതുപോലെ എഴുതുവാനുള്ള സിദ്ധിയും ശൈലിയും ആർജ്ജിച്ചിരുന്നു. ഹ്രസ്വവും സുന്ദരവുമായ എഴുത്തുകളാണ് ഡയറിക്കുറിപ്പുകളിൽ പ്രകാശം പരത്തുന്നത്. ലളിതവും ആകർഷകവുമായ ഹ്രസ്വവാചകങ്ങളിൽ കൃത്യമായി വിവരണങ്ങൾ സംഗ്രഹിക്കുന്ന ശൈലിയാണ്.

വ്യത്യസ്തങ്ങളായ പദസമുച്ചയം സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ആകർഷകമായ ചില വാക്കുകൾ: മെത്രാച്ചൻ, ഉച്ചമേശ, കാപ്പിമേശ, നമ്മോടുകൂടി, പള്ളിസംബന്ധിച്ച കാര്യം, പള്ളിക്കൂടം, പാട്ടനെല്ല്, ചട്ടംകെട്ടുകൾ, തേച്ചുകുളി, വർത്തമാനം, പട്ടംകൊട, പള്ളികെട്ടിടം, തിങ്ങിക്കൂടി, കെട്ടിയവൻ, ആൾ ബഹളം, ധിക്കാരി, സങ്കട നിവർത്തി, മല്പാനച്ചൻ, ചിത്രമെഴുത്ത്, ബലപ്പെടുത്തി, പൂശി, സങ്കടഹർജി, കാഴ്ചസാധനം, എണ്ണസേവ തുടങ്ങി അക്കാലത്തെ നിരവധി വ്യവഹാര ഭാഷാശൈലി ഡയറിക്കുറിപ്പിൽ ഇടം നേടിയിട്ടുണ്ട്.

കൃത്യമായ വിവരങ്ങളുള്ള ഡയറികൾ ചരിത്രത്തിന്റെ ഏടുകളാണ്. മുഖ്യധാരാ ചരിത്രങ്ങൾക്കുള്ള സമാന്തരരേഖകളാണ് ഇതിൽ പ്രതിഫലിക്കുന്നത്. പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ഡയറി എഴുത്തുകളിൽ വെളിച്ചം പകരുന്നത് മലങ്കര ഓർത്തഡോക്സ് സഭയുടെ 1957-58 കാലഘട്ടത്തിന്റെ ചരിത്രമാണ്.

സന്ദർശകരുടെ കൃത്യമായ വിവരണം, ആഴ്ചവട്ടത്തിന്റെ വിശദീകരണം, ദൂരയാത്ര ചെയ്യുമ്പോൾ ദേവലോകത്തുനിന്നുള്ള സമയദൈർഘ്യം, ദിനചര്യയുടെ വിവരണങ്ങൾ, സന്ദർശകരുടെ പേരുകളും സന്ദർശകർ നൽകിയ സമ്മാനങ്ങളുടെ വിവരങ്ങളും എല്ലാം ഡയറിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എത്ര തിരക്കിലായിരുന്നെങ്കിലും കൃത്യമായി ഡയറിയിൽ കുറിപ്പുകൾ എഴുതിയിരുന്നു.

പ്രസംഗത്തിന് മുൻകൂർ ഒരുങ്ങുക പതിവില്ലായിരുന്നു. പ്രഭാഷണങ്ങളിൽ വേദപുസ്തകങ്ങളുടെ മർമ്മങ്ങൾ നിർഗ്ഗളമായി പ്രവഹിക്കുമായിരുന്നു. ഉജ്ജ്വലമായ വാഗ്ധോരണിയാൽ സത്യവിശ്വാസം യുക്തിയുക്തമായി അവതരിപ്പിക്കും. അതിനാൽ വലിയ ബാവായുടെ വേദപാണ്ഡിത്യം അഗാധമായിരുന്നുവെന്ന് ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് സാക്ഷിക്കുന്നു. പ്രഭാഷണംപോലെ തന്നെ യുക്ത്യധിഷ്ഠിതമായ വിവരണങ്ങളുടെ രസതന്ത്രമാണ്



രചനകളിലും ഡയറിക്കുറിപ്പുകളിലും വലിയ ബാവാ അവതരിപ്പിക്കുന്നത്.

പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ കൃതികൾ, കല്പനകൾ, പ്രഭാഷണങ്ങൾ, സൂക്തങ്ങൾ എന്നിവ സൂക്ഷ്മമായി അപഗ്രഥിച്ചാൽ സഭയോടും സമൂഹത്തോടും അത്യഗാധബന്ധം നിലനിർത്തുന്ന ദർശനങ്ങൾ കണ്ടെത്തുവാൻ കഴിയും. സത്യവിശ്വാസവും സഭാപാരമ്പര്യവും ആചാരാനുഷ്ഠാനങ്ങളും അഭംഗുരം പരിപാലിക്കപ്പെടണമെന്ന് എഴുത്തുകളിൽ നിഷ്കർഷിച്ചിരുന്നു.

ആഗോള തലത്തിൽ അസമാധാനവും അസന്തുഷ്ടിയും ശക്തിപ്പെടുകയും ഇന്ത്യയിൽ വർഗ്ഗീയ വിദ്വേഷം രൂക്ഷമാവുകയും ചെയ്ത 1938 കളിൽ പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവാ വൃശ്ചികം 17 ബുധൻ മുതൽ 3 ദിവസത്തേക്ക് (ശനിയാഴ്ചവരെ) സഭ മുഴുവനായി ഉച്ചതിരിഞ്ഞ് നോമ്പ് ആചരിക്കണമെന്നും നിവർത്തിയുള്ളടത്തോളം ആളുകൾ പള്ളിയിൽ കൂടി സഭയ്ക്കു വേണ്ടിയും ലോകസമാധാനത്തിനുവേണ്ടിയും പ്രാർത്ഥിക്കണമെന്ന് കല്പനയിട്ടു. കല്പനയുടെ അവസാന വരി ശ്രദ്ധിക്കുക: "നോമ്പ് വീടുന്ന ദിവസം രാവിലെ വിശുദ്ധ കുർബ്ബാന അർപ്പിച്ച് കഴിവുള്ള എല്ലാവരും വി. കുർബ്ബാന അനുഭവിക്കണമെന്ന് നാം ആഗ്രഹിക്കുകയും ആജ്ഞാപിക്കുകയും ചെയ്യുന്നു." (1938-കൊല്ലവർഷം 1114 വൃശ്ചികം 6 നു)

1956 നവംബർ ഒന്നിന് എഴുതിയിരിക്കുന്നു: "കേരളം പണ്ടേ ഒന്നായിരുന്നു. കാലാന്തരത്തിൽ പല വിഭാഗങ്ങളായി. ഇന്നിതാ വീണ്ടും ഒന്നായിരിക്കുന്നു. നാം ഒന്നാകേണ്ടവർ തന്നെയാണ്. നാം ഒന്നായി നിൽക്കുന്നതാണ് നമ്മുടെ ബലം." കേരള പിറവിയിൽ സമസ്ത കേരളീയർക്കുമായി എഴുതിയ കുറിപ്പിലെ ഹ്രസ്വമായ വാക്യഘടനയിലൂടെ അവതരിപ്പിച്ചിരിക്കുന്നത് എത്ര സുന്ദരമായ ആശയമാണ്. അതിൽ വീണ്ടും എഴുതി: "കേരളത്തിന് വെളിച്ചം കാട്ടികൊടുക്കുവാൻ ഇവിടുത്തെ ക്രൈസ്തവർക്കും സാധിക്കണം. കേരളം വലുതാകുകയാണ്. നമ്മുടെ കാഴ്ചപ്പാടുകളും അതോടൊപ്പം വലുതാകേണ്ടതാണ്." വാക്കുകൾ കൊണ്ട് ഉദാത്ത ആശയങ്ങളെ ഉജ്ജ്വലിപ്പിക്കുവാൻ വലിയ ബാവായ്ക്കു കഴിയുന്നു.

ഉപസംഹാരം

പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ രചനകളും ഡയറിക്കുറിപ്പുകളും മലങ്കരസഭാചരിത്രത്തിലും സാമൂഹികചരിത്രത്തിലും നാഴികക്കല്ലുകളാണ്. മുഖ്യധാരാ ചരിത്രങ്ങളിൽ തമസ്ക്കരിച്ചതും വക്രീകരിച്ചതും പാർശ്വവൽക്കരിച്ചതുമായ വിവരണങ്ങളും വിശകലനങ്ങളുമാണ് ഇതിൽനിന്നു ലഭ്യമാകുന്നത്. സഭാചരിത്രകാരന്മാർ പുലർത്തിയ സാമൂഹികവും സഭാപരവുമായ പല സമീപനങ്ങളുടെയും നിജസ്ഥിതി അനാവരണം ചെയ്യുവാൻ ഇതിലെ വരികൾക്ക് അദൃശ്യമായ വശ്യതയുണ്ട്. സമസ്ത മലയാളികളുടെയും മനസ്സിൽ ചിരപ്രതിഷ്ഠ നേടിയ ആത്മീയ തേജസ്സായി ഉജ്ജ്വലിച്ച ഈ കർമ്മയോഗി എഴുത്തും വായനയും പ്രഭാഷണവും ജീവിതവും സമ്യക്കായി ഇടയശുശ്രൂഷയിൽ ഉൾക്കൊള്ളിച്ചിരുന്നു. ആത്മീയതയുടെ വിശുദ്ധി പകർന്ന അപൂർവ്വ പ്രതിഭയായിരുന്ന പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ എഴുത്തുകൾക്ക് അദൃശ്യശക്തിയുണ്ടെന്ന് ഡയറിക്കുറിപ്പുകൾ പ്രഖ്യാപിക്കുന്നു.

❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ലേഖനം

കൂനൻകുരിശിനെപറ്റി അല്പം

ഡോ. എം. കുര്യൻ തോമസ്

1653 ജനുവരി 3-ന് മട്ടാഞ്ചേരിയിൽ നടന്ന കൂനൻകുരിശു സത്യം ചരിത്രഗതി മാറ്റിമറിച്ച ഒരു സംഭവമാണ്. 54 വർഷം നീണ്ട റോമൻ കത്തോലിക്കാ ആധിപത്യം ഈ ജനകീയ മുന്നേറ്റത്തിലൂടെ മലങ്കരസഭ തൂത്തെറിഞ്ഞു എന്നതിലുപരി, ഇന്ത്യൻ മണ്ണിൽ പാശ്ചാത്യർക്കെതിരെ നടന്ന ആദ്യ സ്വാതന്ത്ര്യ സമരമായാണ് ഡോ. രാജൻ ഗുരുക്കളെപ്പോലുള്ള ചരിത്രകാരന്മാർ ഇന്ന് കൂനൻകുരിശു സത്യത്തെ കാണുന്നത്.

വളരെയധികം വളച്ചൊടിയ്ക്കപ്പെട്ട ചിത്രമാണ് കൂനൻകുരിശു സത്യത്തെപ്പറ്റി പിൽക്കാല (പ്രത്യേകിച്ചും റോമൻ കത്തോലിക്കാ) ചരിത്രകാരന്മാർ നൽകുന്നത്. ജസ്യൂട്ടുകൾക്കെതിരെയുള്ള കലാപം മാത്രമായി അതിനെ ചുരുക്കാനും, മാർ അഹത്തള്ളായുടെ മരണവാർത്ത കേട്ട് പെട്ടെന്നുണ്ടായ ഒരു വികാരപ്രകടനമായി മാത്രം അതിനെ നിസാരവൽക്കരിക്കാനുമുള്ള സംഘടിതശ്രമം ഇന്നും തുടരുന്നു. എന്തിനധികം, ഇന്ന് കൂനൻകുരിശു സത്യത്തിന്റെ വേദിതന്നെ മാറ്റിയാണ് പ്രചരിപ്പിക്കുന്നത്.

ആദ്യമൊക്കെ നിസാരമായി കരുതിയെങ്കിലും അധികം താമസിയാതെ കൂനൻകുരിശു സത്യത്തിന്റെ ഗൗരവം മനസ്സിലാക്കിയ റോമാ സിംഹാസനം അക്കാലത്തുതന്നെ അതിനെക്കുറിച്ചു പഠിക്കാൻ ഒരു കമ്മീഷനെ ചുമതലപ്പെടുത്തിയിരുന്നു. അവരുടെ റിപ്പോർട്ടും, സമകാലീന ജസ്യൂട്ട്, കർമ്മലീത്താ സഭകളുടെ രേഖകളും ഭാഗികമായെങ്കിലും പരിശോധിച്ച് ഫാ.



ഡോ. ജേക്കബ് കൊല്ലാപറമ്പിൽ രചിച്ച *ദ് സെന്റ് തോമസ് ക്രിസ്ത്യൻ റവല്യൂഷൻ ഇൻ 1653* എന്ന ഗ്രന്ഥം കൂനൻകുരിശു സത്യത്തെപ്പറ്റി ഏതാണ്ട് വ്യക്തമായ ഒരു ചിത്രം നൽകുന്നുണ്ട്.

2007-ലെ പ. വട്ടശ്ശേരിൽ തിരുമേനിയുടെ പെരുന്നാൾ ദിവസം കൂനൻകുരിശു സത്യത്തിന്റെ ചരിത്രാവിഷ്ക്കാരമായ ഒരു ചിത്രം കോട്ടയം പഴയസെമിനാരിയിൽ അനാഛാദനം ചെയ്തു. 16 അടി നീളവും 4 അടി ഉയരവുമുള്ള ഇത്, കേരളത്തിൽ ക്യാൻവാസിൽ വരച്ച ഏറ്റവും വലിയ എണ്ണഛായാ ചിത്രമായാണ് കരുതപ്പെടുന്നത്.

സെമിനാരി പ്രിൻസിപ്പൾ ഫാ. ഡോ. കെ. എം ജോർജ്ജിന്റെ നിർദ്ദേശപ്രകാരം *സാരൂപ്യ സ്കൂൾ ഓഫ് സേക്രഡ് ആർട്സി*നുവേണ്ടി ഈ ലേഖകന്റെ മേൽനോട്ടത്തിൽ വിശദമായ ഗവേഷണം നടത്തി രണ്ടു വർഷം കൊണ്ടാണ് ഈ ചിത്രം പൂർത്തീകരിച്ചത്. അതിലെ അംശങ്ങളിൽ ചരിത്രപരമായി പരമാവധി സത്യസന്ധത പുലർത്താൻ ശ്രദ്ധിച്ചിട്ടുമുണ്ട്. ആ ചിത്രരചനയ്ക്കായി നടത്തിയ ഗവേഷണങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ ലേഖനം.

ഒന്നാമതായി കൂനൻകുരിശു സത്യത്തിന്റെ വേദി ഇന്ന് റോമൻ കത്തോലിക്കർ ചൂണ്ടിക്കാട്ടുന്ന മട്ടാഞ്ചേരി അങ്ങാടിയിലെ തടിക്കുരിശല്ല. അക്കാലത്ത് റോമൻ കത്തോലിക്ക സഭ നിയമിച്ച ജുഡീഷ്യൽ കമ്മീഷന്റെ റിപ്പോർട്ടുപ്രകാരം മട്ടാഞ്ചേരിയിലെ ജീവമാതാവിന്റെ (Our lady of life) പള്ളിയാണ് സത്യം നടന്ന സ്ഥലം. ഈ റിപ്പോർട്ടുപ്രകാരം പള്ളിക്കുള്ളിലാണ് സത്യം നടന്നത്. പ്രാദേശിക പാരമ്പര്യപ്രകാരം പള്ളിമുറ്റത്തെ കൽക്കുരിശിൽ ആലാത്തുകെട്ടിയും. ഒരു പക്ഷേ നേതാക്കന്മാർ അകത്തുചെയ്ത സത്യം, വീണ്ടും പുറത്ത് കൽക്കുരിശിൽ ആലാത്തുകെട്ടി ജനക്കൂട്ടം ആവർത്തിച്ചിരിക്കണം. കയറിൽ എല്ലാവർക്കും തൊടാൻ ആവാത്തതിനാൽ *തൊട്ടവരെ തൊട്ടാണ്* സത്യം ചെയ്തതെന്നാണ് പാരമ്പര്യം. ഈ കുരിശ് ഇന്നില്ല. ഇതിന്റേതെന്നു കരുതുന്ന ഏതാനും ഭാഗങ്ങൾ ആ പള്ളിപ്പരിസരത്തുണ്ടെന്നു പറയുന്നു. ഒരു പക്ഷേ ഒരു *സ്വാതന്ത്ര്യ ചിഹ്നം* എന്നനിലയിൽ പിന്നീട് വികാരാവേശം ജനിപ്പിക്കാതിരിക്കാൻ അത് ബോധപൂർവ്വം നശിപ്പിച്ചതാവാനും മതി.

രണ്ടാമതായി, *കൂനൻകുരിശ്* എന്ന പേരാണ്. സമകാലിക മലയാളരേഖകളിലൊന്നും ഈ പേര് കാണുന്നില്ല. 18-ാം നൂറ്റാണ്ടിലെ *വർത്തമാനപുസ്തകം*, *നിരണം ഗ്രന്ഥവരി* തുടങ്ങിയ മലയാള കൃതികൾ *മട്ടാഞ്ചേരി കുരിശുങ്കലെ സത്യം* എന്ന രീതിയിലാണ് ഈ ഐതിഹാസിക സമരത്തെ വിവരിക്കുന്നത്. യൂറോപ്യൻ ഗ്രന്ഥകാരന്മാരും പത്തൊൻപതു മുതലുള്ള നൂറ്റാണ്ടുകളിലെ മലയാള ചരിത്രകാരന്മാരുമാണ് *കൂനൻകുരിശ്* എന്ന പേരിന് സ്ഥിരപ്രതിഷ്ഠ നേടിക്കൊടുത്തത്.

1653-ൽ സത്യംചെയ്ത കൽക്കുരിശിനു വളവുണ്ടായി (രുന്നു), അതിനാൽ *കൂനുള്ള കുരിശ്* എന്ന അർത്ഥത്തിൽ *കൂനൻകുരിശെന്നു* പേരുവീണു എന്നാണ് ഇന്ന് പ്രചരിപ്പിക്കുന്ന ഒരു കെട്ടുകഥ. മലങ്കരയിലെ കൽക്കുരിശുകളുടെ നിർമ്മാണരീതി പരിശോധിച്ചാൽ അവയ്ക്ക് *കൂന്* ഉണ്ടാവുക അസംഭാവ്യമാണെന്നു ബോധ്യമാകും. തിരശ്ചീനമായോ ലംബമായോ ചെരിയുകയല്ലാതെ അവ വളയുന്ന പ്രശ്നമില്ല. ചെരിവിന് *കൂന്* എന്നു പറയില്ല. അപ്രകാരം ചെരിഞ്ഞാൽ മലയാള ഭാഷയിൽ അതിനെ ദ്യോതിപ്പിക്കുവാൻ *ചെരിഞ്ഞ കുരിശ്* എന്ന പദമുണ്ട്.

മട്ടാഞ്ചേരിയിലെ വിപ്ലവത്തെ നിസാരവൽക്കരിക്കാൻ പിൽക്കാലത്ത് റോമൻ കത്തോലിക്കർ പല കെട്ടുകഥകളും പ്രചരിപ്പിച്ചു. 1653-ലെ *സത്യത്തിന്റെ ലജ്ജാഭാരംകൊണ്ട് കുരിശു വളഞ്ഞുപോയി* എന്നതായിരുന്നു അതിലൊന്ന്. ആ കെട്ടുകഥയ്ക്ക് ശക്തി പകരാൻ പ്രചരിപ്പിച്ച പേരാവാൻ വഴിയുണ്ട് *കൂനൻകുരിശ്* എന്നത്.

മറ്റൊരു സംഭാവ്യതയുള്ളത് കുരിശിന്റെ വലിപ്പമാണ്. മട്ടാഞ്ചേരിയിലെ കൽക്കുരിശ് താരതമ്യേന ചെറുതാണെങ്കിൽ അതിനെ ആ അർത്ഥത്തിൽ *കുഞ്ഞൻ കുരിശെന്നു* വിളിക്കാൻ സാദ്ധ്യതയുണ്ട്. മട്ടാഞ്ചേരിയിൽ കരിങ്കല്ലില്ലായെന്നതും തറയുറയ്ക്കാൻ വിഷമമുള്ള അയഞ്ഞ മണ്ണാണെന്നതും ഈ സാദ്ധ്യതയെ ബലപ്പെടുത്തുന്നു. *കുഞ്ഞൻ കുരിശ്* യൂറോപ്യൻ ഭാഷകളിൽ കയറിയിറങ്ങി *കൂനൻകുരിശാ*കാനിടയുണ്ട്. ഏതായാലും *കൂനൻകുരിശെന്ന* പേരാണ് ഇന്ന് നിലനില്ക്കുന്നത്.

മൂന്നാമതായി, തടിച്ചുകൂടിയ ജനത്തിന്റെ പെട്ടെന്നുണ്ടായ വികാരപ്രകടനമല്ല കൂനൻകുരിശു സത്യം. റോമൻ കത്തോലിക്കാ രേഖകൾപ്രകാരം കുറഞ്ഞപക്ഷം 1652 നവംബർ പകുതി മുതലെങ്കിലും കൊച്ചിയിലും

പരിസരങ്ങളിലുമുള്ള പള്ളികളിൽ *മലങ്കര പള്ളിയോഗം* തദ്വിഷമായി കൂടിക്കൊണ്ടിരുന്നു. അവരായിരുന്നു (പഴയ ഭാഷയിൽ *പള്ളികളിലെ കത്തങ്ങളും പ്രമാണപ്പട്ടവരും*) കൂനൻകുരിശു സത്യത്തിന്റെ കേന്ദ്രബിന്ദു. അവരെ സംരക്ഷിക്കുന്ന നസ്രാണിപ്പടയും, ഒരു പക്ഷേ കൊച്ചിയിലും സമീപത്തുമുള്ള കുറെ നസ്രാണികളും ഇതിൽ പങ്കുചേർന്നിരിക്കാം. ഏതായാലും നിയമപരമായി മലങ്കരസഭയുടെ സമസ്ത കാര്യങ്ങളിലും അധികാരമുള്ള *മലങ്കര പള്ളിയോഗമാണ്* കൂനൻകുരിശു സത്യം ചെയ്തത്.

18-ാം നൂറ്റാണ്ടിൽ തിരുവിതാംകൂറിന്റെ രൂപീകരണത്തോടെ ചരിത്രപ്രസിദ്ധമായ നസ്രാണിപ്പടയുടെ അപചയം ആരംഭിച്ചെങ്കിലും വേലുത്തമ്പി വിപ്ലവത്തെ തുടർന്ന് കേണൽ മക്കാളെ തിരുവിതാംകൂറിലെയും കൊച്ചിയിലെയും നായർപ്പടയെ പിരിച്ചുവിടുന്നതുവരെ അത് നിലനിന്നു. അവരുടെ ആകാരത്തെയും വേഷവിധാനത്തെയും പരിശീലനത്തെയുംപറ്റി വിവിധ നൂറ്റാണ്ടുകളിലെ ദീർഘമായ പല ചരിത്രവിവരണങ്ങളും ലഭ്യമാണ്. ഇവയുടെ അടിസ്ഥാനത്തിൽ ടി. കെ. ജോസഫ് രൂപംകൊടുത്ത് *കേരളാ സൊസൈറ്റി പേപ്പേഴ്സിൽ* പ്രസിദ്ധീകരിച്ച ഒരു രേഖാചിത്രത്തിൽ നിന്നാണ് ഈ ചിത്രത്തിലെ നസ്രാണിപ്പടയാളികൾക്ക് രൂപംകൊടുത്തിരിക്കുന്നത്.

പോർട്ടുഗീസ് കാലഘട്ടത്തിനു മുമ്പും പിമ്പുമുള്ള വിവരണങ്ങൾ പ്രകാരം, അയഞ്ഞ കാൽകുപ്പായവും പുറകോട്ട് ആലമുള്ള വെള്ളക്കുപ്പായവും (*കമ്മീശ്*) ആണ് നസ്രാണി കത്തനാർമാർ ഉപയോഗിച്ചിരുന്നത്. അവരിൽ ഭൂരിഭാഗവും നഗ്നപാദരായിരുന്നുവെന്നും ചരിത്രരേഖകൾ. 20-ാം നൂറ്റാണ്ടിൽപോലും മെത്രാന്മാരും കത്തനാർമാരും അധികാര ചിഹ്നമായി *താക്കോലും തൂവാലയും* ചുമലിൽ ധരിച്ചിരുന്നു.

കൂനൻകുരിശു സത്യത്തിനു നേതൃത്വം നല്കിയത് *ജാതിക്കുതലവൻ* പകലോമറ്റം തോമ്മാ അർക്കദ്യക്കോനും (പിന്നീട് മഹാനായ മാർത്തോമ്മാ ഒന്നാമൻ എപ്പിസ്ക്കോപ്പാ) ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാരുമാണ്. കൽദായ സഭയിലെ വൈദികർ ഇന്നും അപൂർവ്വമായി ഉപയോഗിക്കുന്ന *അൽമുത്തി* എന്ന കുട്ടികാപ്പയാണ് ഈ ചിത്രത്തിൽ തോമ്മാ അർക്കദ്യക്കോൻ ധരിച്ചിരിക്കുന്നത്. പേർഷ്യൻ പാരമ്പര്യപ്രകാരം ഇതു ധരിച്ചുകൊണ്ട് വി. കുർബ്ബാന അർപ്പിക്കാം. മലങ്കരസഭയിൽ ഈ പാരമ്പര്യം അവസാനിപ്പിച്ചത് 19-ാം നൂറ്റാണ്ടിൽ മാത്രമാണ്. വിവിധ പാരമ്പര്യങ്ങളിൽനിന്ന് മലങ്കരസഭ രൂപീകരിച്ച തൊപ്പിയാണ് അദ്ദേഹം ധരിച്ചിരിക്കുന്നത്. ഇന്ന് മലങ്കര മെത്രാന്റെ അംശവസ്ത്രം ഈ *അൽമുത്തിയുടെയും* *വെട്ടുതൊപ്പിയുടെയും* പിൻഗാമിയാണ്.

മാർത്തോമ്മാ ഒന്നാമന്റെ ഒരു ഭിത്തിചിത്രം അദ്ദേഹത്തെ കബറടക്കിയിരിക്കുന്ന അങ്കമാലി പള്ളിയുടെ മദ്ബഹയിൽ ആലേഖനം ചെയ്തിട്ടൂണ്ട്. അംശവടിയും സ്ലീബായും പിടിച്ചൂനില്ക്കുന്ന ഈ ചിത്രം അദ്ദേഹത്തിന്റെ മുൻഗാമിയായ ഗീവർഗീസ് അർക്കദ്യക്കോന്റെയാണെന്നാണ് റോമൻ കത്തോലിക്കാ പ്രചരണം. ഇത് മാർത്തോമ്മാ ഒന്നാമനെയും കൂനൻകുരിശു സത്യത്തെയും തമസ്ക്കരിക്കാനുള്ള ബോധപൂർവമായ ശ്രമത്തിന്റെ ഭാഗമായി കാണണം.

നസ്രാണികളും അവരുടെ കത്തനാർമാരും കേരളത്തിലെ മറ്റു സവർണജാതിക്കാരെപ്പോലെ *മുൻ കുടുമ്മ* വെച്ചിരുന്നു (*പട്ടക്കാരുടെ പട്ടവും കുടുമ്മി ആയിരുന്നു - ഗുണ്ടർട്ട്*). 18-ാം നൂറ്റാണ്ടിൽ കേരളത്തിലെത്തിയ അന്ത്യോഖ്യൻ മെത്രാന്മാർ ഭഗീരഥപ്രയത്നം നടത്തിയിട്ടും (*പട്ടക്കാരുടെയും മാപ്പിളമാരുടെയും തലചിരപ്പിച്ച് പട്ടം കൊടുത്ത്.... - നിരണം ഗ്രന്ഥവരി*) 1876-ൽ പത്രോസ് തൃതീയൻ പാത്രിയർക്കീസ് വരുമ്പോഴും അപൂർവമായെങ്കിലും പട്ടക്കാർ കുടുമ്മി വളർത്തിയിരുന്നു.

കേരളത്തിലെ സവർണ ജാതികളുടെ പൊതുവായ ജാതിചിഹ്നങ്ങളിൽപെട്ടവയായിരുന്നു *കുടുമ്മിയും കടുക്കനും* (കർണാഭരണം) *പൂണൂലും.* ഉദയംപേരൂർ സുന്നഹദോസ് നസ്രാണികളുടെ ജാത്യാചാരങ്ങൾ ഭേദപ്പെടുത്തിയ കൂട്ടത്തിൽ *കടുക്കൻ* ധരിക്കുന്നത് നിരോധിച്ചിരുന്നു (ഏഴാം മൗത്വാ, ഏഴാം കൂടിവിജാരം, പതിനാലാം കാനോനാ). ഉദയംപേരൂർ സുന്നഹദോസ് അടിച്ചേൽപ്പിച്ച സാമൂഹികാചരങ്ങളിലെ ഭേദഗതികളിലൊന്നും നസ്രാണികളുടെ ഇടയിൽ നടപ്പായില്ലായെന്ന് സമകാലിക റോമൻ കത്തോലിക്കാ ചരിത്രകാരന്മാർ തന്നെ സാക്ഷ്യപ്പെടുത്തുന്നുണ്ട്. അതിനാൽ 1653-ൽ *കടുക്കൻ* ധരിച്ച നസ്രാണി *പ്രമാണികളുടെ* സാന്നിദ്ധ്യം സ്വാഭാവികമാണ്.

നസ്രാണികളുടെ പൂണൂലിനെ സംബന്ധിച്ച് ചിലർ സംശയം ഉന്നയിച്ചിട്ടുണ്ട്. ഇത് മുഖ്യമായും *പൂണൂൽ* ഒരു ബ്രാഹ്മണ ചിഹ്നമാണെന്ന തെറ്റിദ്ധാരണയുടെ പുറത്താണ്. മുകളിൽ പറഞ്ഞതുപോലെ സവർണജാതികളുടെ പൊതു ചിഹ്നമായിരുന്നു *പൂണൂൽ.* ക്ഷേത്രനിർമ്മാണവേളയിൽ വിശ്വകർമ്മജർ പൂണൂൽ ധരിക്കണമെന്നാണ് ചട്ടം. പക്ഷേ പൂണുലിന്റെ ഇഴകളുടെ എണ്ണത്തിൽ വ്യത്യാസമുണ്ട്. കേരളീയ ജാതി വ്യവസ്ഥയിൽ നസ്രാണികൾ ജാതിപരമായി കച്ചവടം *കുലധർമ്മ*മാക്കിയ വൈശ്യ ജാതിയിൽപെട്ടവരായിരുന്നു. ബ്രാഹ്മണർ, ക്ഷത്രിയർ മുതലായവരുമായി ഇടപഴകുന്ന *ഉയർന്നജാതി* എന്നനിലയിൽ നസ്രാണികൾ തങ്ങളുടെ ജാതി ചിഹ്നമായി *പൂണൂൽ* നിലനിർത്തി. അതല്ലാതെ നസ്രാണികളെല്ലാം നമ്പൂതിരിമാരായിരുന്നു എന്നത് പ്രകടമാക്കാനല്ല പൂണൂൽ ധരിച്ചിരുന്നത്.

പലരും പ്രചരിപ്പിക്കുന്നതുപോലെ കൂനൻകുരിശു വിപ്ലവമല്ല മലങ്കരസഭയെ വിഭജിച്ചത്. മറിച്ച് പറമ്പിൽ ചണ്ടിയുടെ ബദൽ മെത്രാൻ സ്ഥാനലബ്ധിയാണ്. *രണ്ടു ലക്ഷത്തിൽ നാനൂറു കുറെ* നസ്രാണികൾ കൂനൻകുരിശു വിപ്ലവത്തെ പിന്തുണച്ചു എന്നാണ് സമകാലിക പാരമ്പര്യം. വിപ്ലവം ഏതാണ്ട് സമ്പൂർണ്ണമായിരുന്നെന്ന് റോമൻ കത്തോലിക്കാ ചരിത്രകാരന്മാരും സമ്മതിക്കുന്നു. ചാണ്ടിദ്വയങ്ങൾ സത്യലംഘനം നടത്തി മറുകണ്ടം ചാടിയതോടെയാണ് *സുറിയാനി കത്തോലിക്കർ* അഥവാ *സീറോ - മലബാർ സഭ* എന്ന റോമൻ കത്തോലിക്കാ വിഭാഗം രൂപമെടുത്തത്.

18-ാം നൂറ്റാണ്ടിൽ പോലും നസ്രാണികൾ പൂണൂൽ ധരിച്ചിരുന്നു. ജസ്യൂട്ട് രേഖകളെ അവലംബിച്ച് ഡി. ഫെറോളി 18-ാം നൂറ്റാണ്ടിൽ *നസ്രാണി ആൺ പൈതങ്ങളുടെ മാമോദീസാ വേളയിൽ കാർമ്മികൻ പൂണൂൽ ആശീർവദിച്ച് ശിശുവിനെ ധരിപ്പിച്ച ശേഷം ഊരിയെടുക്കുമെന്നും, പിന്നീട് പ്രായപൂർത്തിയായ ശേഷം മാത്രമാണ് അത് ധരിക്കുന്നതെന്നും* രേഖപ്പെടുത്തിയിട്ടുണ്ട്. ദ്വിജത്വത്തിന്റെ (രണ്ടാം ജന്മത്തിന്റെ) ലക്ഷണമാണ് ബ്രാഹ്മണ മതപ്രകാരം പൂണൂൽ. മാമോദീസാ രണ്ടാം ജന്മമായതിനാൽ അതിന്റെ പ്രത്യക്ഷ ലക്ഷണമായി പൂണൂൽ ധരിച്ചിരുന്നുവെങ്കിൽ അതിന് ക്രൈസ്തവ വേദശാസ്ത്രപരമായി തെറ്റൊന്നുമില്ല. കേരളീയ സമൂഹത്തിലെ നിലനിൽപ്പിന് നസ്രാണികൾക്ക് അത് ആവശ്യമായിരുന്നു താനും.

പലരും പ്രചരിപ്പിക്കുന്നതുപോലെ കൂനൻകുരിശു വിപ്ലവമല്ല മലങ്കരസഭയെ വിഭജിച്ചത്. മറിച്ച് പറമ്പിൽ ചണ്ടിയുടെ ബദൽ മെത്രാൻ സ്ഥാനലബ്ധിയാണ്. *രണ്ടു ലക്ഷത്തിൽ നാനൂറു കുറെ* നസ്രാണികൾ കൂനൻകുരിശു വിപ്ലവത്തെ പിന്തുണച്ചു എന്നാണ് സമകാലിക പാരമ്പര്യം. വിപ്ലവം ഏതാണ്ട് സമ്പൂർണ്ണമായിരുന്നെന്ന് റോമൻ കത്തോലിക്കാ ചരിത്രകാരന്മാരും സമ്മതിക്കുന്നു. ചാണ്ടിദ്വയങ്ങൾ സത്യലംഘനം നടത്തി മറുകണ്ടം ചാടിയതോടെയാണ് *സുറിയാനി കത്തോലിക്കർ* അഥവാ *സീറോ - മലബാർ സഭ* എന്ന റോമൻ കത്തോലിക്കാ വിഭാഗം രൂപമെടുത്തത്.

സ്വാർത്ഥ ലാഭത്തിനായി മലങ്കരസഭയെ ഒറ്റിക്കൊടുത്ത പറമ്പിൽ ചാണ്ടി പ്രഭുതികളുടെ ചതി ഇല്ലായിരുന്നെങ്കിൽ കൂനൻകുരിശു വിപ്ലവം മൂലം ഇന്ന് ഇന്ത്യയിൽ ഒരു ദേശീയ ഏകീകൃത ക്രൈസ്തവസഭ മാത്രം നിലനിന്നേനേ. കാരണം പിന്നീടുണ്ടായ എല്ലാ പിളർപ്പുകളുടെയും അടിസ്ഥാന കാരണം ചാണ്ടിയുടെ ചതിയാണ്. ❑

"പള്ളി ദൈവത്തിന്റെ ഭവനമാണ്. നാം പള്ളിയിൽ വിശുദ്ധിയിലും സത്യത്തിലും നീതിയിലും പ്രവർത്തിക്കണം. അപ്പോൾ ദൈവാനുഗ്രഹം ഉണ്ടാകും."


- പ. പാമ്പാടി തിരുമേനി



നന്മ വറ്റാത്ത മനസിന് ഉടമയായി വൈദീകൻ!

കൊട്ടാരക്കര-പുനലൂർ ഭദ്രാസനത്തിൽ സേവനം അനുഷ്ഠിക്കുന്ന ഇളമ്പൽ സ്വദേശി ഫാ. ഡോ. ജേക്കബ് ജോൺ എന്ന വൈദീകനാണ് കൊട്ടാരക്കര-പുനലൂർ ഭദ്രാസനത്തിന്റെ ദശാബ്ദി ആഘോഷങ്ങളുടെ ഭാഗമായി നിർധരരായ 10 പേർക്ക് വീട് വച്ച് നൽകുന്ന കാരുണ്യ ഭവനം പദ്ധതിയിൽ ഭാഗമായി പുനലൂർ മണലിൽ പ്രദേശത്തുള്ള ഒരു ഹൈന്ദവ സഹോദരിയ്ക്ക് 5 ലക്ഷം രൂപ മുതൽ മുടക്കി വീട് വച്ച് നൽകുന്നത്. സ്വന്തമായി ഒരു വീട് പോലുമില്ലാത്ത വൈദീകനാണ് ഫാ. ഡോ. ജേക്കബ് ജോൺ.

തന്റെ സഹജീവിയുടെ വേദന മനസിലാക്കി ഭർത്താവ് മരിച്ചു 2 പെൺ കുഞ്ഞുങ്ങളുടെ അമ്മയായ സുജാതയ്ക്കും, മക്കൾക്കും അവരുടെ സ്വപ്നം യാഥാർഥ്യമാകുന്നത്. തന്റെ ദശാംശം മാറ്റി വച്ചാണ് ഈ ഭവനം ശ്രേഷ്ഠനായ ഈ വൈദീകൻ ഭവനം നിർമ്മിച്ച് നൽകുന്നത്. ഓർത്തഡോക്സ് ക്രൈസ്തവ ബാലസമാജം കൊട്ടാരക്കര-പുനലൂർ ഭദ്രാസന വൈസ് പ്രസിഡന്റും, കൊട്ടാരക്കര പാലനിരപ്പ് മാർ ബസേലിയോസ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവക വികാരിയുമായ വൈദികന്റെ നല്ല മനസ്സ് മറ്റുള്ളവർക്ക് പ്രചോദനം ആകട്ടെ.



മലങ്കര ഓർത്തഡോക്സ്
സുറിയാനിസഭാ
ഭരണഘടന.

ഒന്നാം പതിപ്പ്
കോപ്പി 1000.

Printed at
The Malayala Manorama Press
Kottayam.
1110.

സഭാ ഭരണഘടനയ്ക്ക് 85 വയസ്സ്

ഡെറിൻ രാജു

1934-ലെ ഭരണഘടന എന്നു സാമാന്യമായി വിവക്ഷിക്കപ്പെടുകയും പരാമർശിക്കപ്പെടുകയും ചെയ്യുന്ന മലങ്കരസഭയുടെ ഭരണഘടന പാസാക്കി നടപ്പിൽ വന്നിട്ട് ഡിസംബർ 26-ന് 85 വർഷങ്ങൾ പിന്നിട്ടു. ഭാരതീയ പാരമ്പര്യപ്രകാരം ആയിരം പൂർണചന്ദ്രൻമാരെ ദർശിച്ചു ശതാഭിഷേകം പിന്നിട്ട ഭരണഘടന ഇന്നും സജീവമാണ്.

1910 മുതൽ രണ്ടര പതിറ്റാണ്ട് വിവിധ തലങ്ങളിൽ നടന്ന ചർച്ചകളുടെയും ശ്രമങ്ങളുടെയും ആകെത്തുകയാണ് ഈ ഭരണഘടന. 1938 മുതൽ ഉണ്ടായ സകല തർക്കങ്ങളുടെയും കേന്ദ്രസ്ഥാനത്ത് ഈ ഭരണഘടനയും ഉണ്ടായിരുന്നു. അതിന്റെ പ്രയോഗക്ഷമതയും വ്യാപനവും അധികാരപരിധിയും പലപ്പോഴും ചർച്ചകൾക്കു വഴി തെളിച്ചു.

1934-ൽ പാസാക്കുമ്പോൾ 13 ഭാഗങ്ങളിലായി 127 വകുപ്പുകളാണ് ഉണ്ടായിരുന്നത്. ഇന്ന് വകുപ്പുകൾ 135 ആണ് (ഇതിൽ 42, 134 വകുപ്പുകൾ നീക്കം ചെയ്തതാണ്).

ഇന്ത്യൻ സുപ്രീം കോടതി 1958, 1995, 2017 വർഷങ്ങളിലെ സുപ്രധാന വിധികളിലൂടെ അതിന്റെ സാധുതയും ആധികാരികതയും ആവർത്തിച്ചു പ്രഖ്യാപിച്ചു. നൂറിലധികം ഭേദഗതികൾ 5 തവണകളിലായി ഇതിൽ വരുത്തപ്പെട്ടു. സുപ്രീംകോടതി തന്നെ നേരിട്ട് രണ്ട് വകുപ്പുകളിൽ ഭേദഗതി നിർദ്ദേശിച്ചു.

മലങ്കര സഭയിൽ ഏത് സ്ഥാനം വഹിക്കുന്ന വ്യക്തിയും, പള്ളി കൈസ്ഥാനി മുതൽ മലങ്കര മെത്രാപ്പോലീത്ത വരെ ഈ ഭരണഘടനയ്ക്ക് വിധേയരാണ്. വളയമില്ലാതെയുള്ള ചാട്ടം പലപ്പോഴും അനായാസമാണ്. എന്നാൽ ഒരു സമൂഹത്തിൽ ഒരു ക്രമവും താളവും സൃഷ്ടിക്കുന്നത് അത്തരം ചില വളയങ്ങളാണ്. മലങ്കര സഭയുടെ കാര്യത്തിൽ ആ വളയമാണ് ഈ ഭരണഘടന.





കട്ടച്ചിറ സെന്റ് മേരീസ് പള്ളിയിൽ യൽദോ പെരുനാൾ ശുശ്രൂഷകളിൽ നിന്ന്

ദൈവാനുഭവത്തിന്റെ വെളിച്ചങ്ങൾ

(യൽദോയ്ക്ക് ശേഷം ഒന്നാം ഞായറാഴ്ച)

(വി. ലൂക്കോസ് 2:40–52)



ഫാ. യോഹന്നാൻ കെ.
(സെന്റ് തോമസ് ഓർത്തഡോക്സ് സെമിനാരി, നാഗ്പ്പൂർ)

യേശുവിനെ ശ്രദ്ധിച്ചു നോക്കുവിൻ (എബ്രായ 3:16) എന്ന ആഹ്വാനമാണ് സ്ലീബാ വായനയിൽ കൂടി എബ്രായ ലേഖന കർത്താവ് നമ്മോട് പറയുന്നത്. ഒരു പ്രത്യേക സമയത്തിൽ മാത്രമല്ല, വചനത്തിന്റെ ജഡധാരണ നടന്നതു മുതൽ, ഉത്ഥിതന്റെ പ്രത്യേക്ഷപ്പെടലും, സ്വർഗ്ഗാരോഹണവുമെല്ലാം ഇതിൽ ഉൾപ്പെടുന്നു. ഇപ്പോളിതാ നമ്മുടെ മുമ്പിൽ 12 വയസ്സു തികഞ്ഞ ഒരു ബാലൻ നിൽക്കുന്നു. ബാലനായ ആ ദൈവപുത്രനെ സൂക്ഷിച്ചുനോക്കിയാൽ ലഭിക്കുന്ന ജീവിതചിന്തകളാണ് ഇന്നത്തെ ഏവൻഗേലിയോനിൽ കൂടി നമുക്ക് ലഭിക്കുന്ന സദ് വാർത്ത. ഉപരിതല സ്പർശികൾ മാത്രമായ ജീവിതാനുഭവങ്ങളിലും ആശയങ്ങളിലും വ്യാപരിക്കുന്ന നമുക്കുണ്ടാകുന്ന അപചയങ്ങളെ ഒരു ശിശു കാട്ടിത്തരുകയാണ്. ഇവിടെ അറിവിന്റെയും അപ്രമാദിത്വത്തിന്റെയും ആഘോഷങ്ങളുടെയുമെല്ലാം ആരുമറിയാത്ത വേറൊരു തലത്തിലേക്ക് ഒരു ബാലൻ നമ്മെ കൂട്ടിക്കൊണ്ടു പോകുന്നു. നിങ്ങൾ തിരിഞ്ഞ് ശിശുക്കളെപ്പോലെയാകുവിൻ എന്നുള്ള തിരുമൊഴി ബാലനായ ക്രിസ്തുവിന്റെ ജീവിതത്തോട് ചേർത്തു വായിക്കാവുന്ന ഒന്നാണ്. ജ്ഞാനത്തിലും വളർച്ചയിലും ദൈവത്തിന്റേയും മനുഷ്യരുടെയും കൃപയിലും വളർന്നു വന്ന യേശുവിന്റെ (ലൂക്കോസ് 2:52) ചൈതന്യം നമുക്ക് ഉണ്ടാകുവാൻ ഇന്നത്തെ ചിന്തകൾ നമ്മെ സഹായിക്കട്ടെ.

നാം ആരാണ് എന്നെ ബോധ്യത്തോടെ ജീവിക്കുക

ആദ്യജാതന്മാരെ യഹോവയ്ക്ക് സമർപ്പിക്കണം എന്നുള്ളത് ദൈവം ഇസ്രായേൽ ജനതയ്ക്ക് കൊടുത്ത നിയമം ആയിരുന്നു (പുറപ്പാട് 13:2, 12, 15, 22:29). ശിശുവിന്റെ മുലകുടി മാറിയതിനുശേഷം അവനെ ദേവാലയത്തിൽ സമർപ്പിക്കുന്നു (1 ശമു. 1:28). അഞ്ചു ഷേക്കൽ കൊടുത്ത് ശിശുവിനെ വീണ്ടെടുക്കാൻ സാധിക്കും (സംഖ്യ 18:15–16). ഇത് ഇസ്രായേൽ ജനതയുടെയിടയിൽ നിലനിന്നിരുന്ന നിയമം ആയിരുന്നു. 12 വസസ്സ് പൂർത്തിയാകുമ്പോൾ മാത്രമാണ് മതപരമായ എല്ലാ ആചാരങ്ങളും ഒരു വ്യക്തിക്ക് നിർവ്വഹിക്കുവാൻ തക്കവണ്ണം സാധ്യമാകുന്നത്. അങ്ങനെ യേശുവിനു 12 വയസ്സ് പൂർത്തിയായപ്പോൾ ശിശുവിനെ മറിയാമും ജോസഫും ദേവാലയത്തിൽ കൊണ്ടുവരുന്നു.

ലോകത്തിൽ യഹൂദർ എവിടെയായിരുന്നാലും വർഷത്തിൽ കേവലം മൂന്നു പ്രാവശ്യമെങ്കിലും യരുശലേം ദേവാലയത്തിൽ വരണമെന്നുള്ളത് നിർബ്ബന്ധമായും പാലിക്കേണ്ട ഒരു വ്യവസ്ഥ ആയിരുന്നു. പെസഹാ പെരുന്നാൾ, കൂടാരപ്പെരുന്നാൾ, പെന്തിക്കോസ്തി പെരുന്നാൾ എന്നിവയാണ് അത് (ലേവ്യ 23). അങ്ങനെ ഒരു പെസഹാ പെരുനാളിലാണ് അവർ ദേവാലയത്തിലേക്ക് പോകുന്നത്. തിരികെപോകുമ്പോൾ യേശു ദേവാലയത്തിൽത്തന്നെ നിൽക്കുന്നു. മൂന്നാം നാളിലാണ് മറിയയും ജോസഫും യേശുവിനെ ദേവാലയത്തിൽ വെച്ചു തന്നെ കണ്ടുമുട്ടുന്നത്. 'നിന്റെ അപ്പനും ഞാനും' എന്നു പറഞ്ഞ് യേശുവിനെ സമീപിച്ച മറിയത്തോട് മറ്റൊരു അപ്പനെക്കുറിച്ച് യേശു സൂചിപ്പിക്കുകയാണ്. 'ഞാൻ എന്റെ പിതാവിന്റെ ഭവനത്തിൽ' (2:48, 49) എന്നു പറഞ്ഞ് ദൈവത്തോടുള്ള തന്റെ പിതാവിനോടുള്ള സവിശേഷ ബന്ധത്തെപ്പറ്റി യേശു സൂചിപ്പിക്കുന്നു.

ഒരു മനുഷ്യന്റെ എല്ലാ ബലഹീനതകളിലും പ്രായസങ്ങളിലും വളർന്നു വന്ന യേശു എന്ന ബാലന്റെ തിരിച്ചറിവാണ് നാം ഇവിടെ കാണുന്നത്. താൻ ദൈവപുത്രനാണെന്നുള്ള ഉത്തമബോദ്ധ്യം ക്രിസ്തുവിനുണ്ടാകുന്നു. അതിനാൽത്തന്നെ മാനുഷികമായ ബന്ധങ്ങൾ, ഒരു ബന്ധനമാകാതിരിക്കുവാൻ ക്രിസ്തു ശ്രദ്ധിക്കുന്നു.

നാം ഇന്ന് ആരാണ്? കർത്താവിനുള്ളതോ അതോ ക്രിസ്ത്യാനികൾ എന്ന വെറും നാമധേയർ മാത്രമോ? കാമ്പില്ലാത്ത, ആഴമായ ദർശനങ്ങളില്ലാത്ത ഒരു ജീവിതമാണോ നാം നയിക്കുന്നത്? ദേവാലയത്തിൽ നിൽക്കുമ്പോൾ 'ഞാൻ എന്റെ പിതാവിന്റെ ഭവനത്തിലാണ് നിൽക്കുന്നത് എന്നുള്ള ആർജ്ജവത്വം നമുക്കുണ്ടോ? ഒരു പുനഃപരിശോധനയുടെ സമയം തീർത്തും ആഗതമായിരിക്കുന്നു.

2. മനുഷ്യന്റെ വേവലാതികൾക്കുള്ള ഉത്തരം ദൈവസന്നിധിയിൽ കണ്ടെത്തുക

യരുശലേം ദേവാലയത്തിന്റെ പ്രതിഷ്ഠാ സമയത്ത് ശലോമോൻ നടത്തിയ പ്രാർത്ഥനയിൽ (1 രാജാ. 8) ഒരുവന് ദൈവാനുഗ്രഹം എങ്ങനെയുണ്ടാകണം എന്ന് എടുത്ത് പറയുന്നുണ്ട്. ദൈവനാമം ധരിക്കുന്ന ഓരോ ആലയങ്ങളിലും ദൈവസാന്നിധ്യം ഉണ്ടാവുകയും അവിടെ വെച്ച് നടത്തുന്ന പ്രാർത്ഥനയിൽ ദൈവം പ്രീതിപ്പെട്ട് മനുഷ്യന് നന്മകൾ ലഭിക്കുകയും ചെയ്യണമെന്നുള്ള അപേക്ഷ ശലോമോൻ സമർപ്പിക്കുകയാണ്. ആ ദേവാലയത്തിൽ വെച്ചാണ് യേശു ഉപദേഷ്ടാക്കന്മാരുടെയിടയിൽ ഇരുന്നുകൊണ്ട് പഠിക്കുന്നത്. ആ സമയം മറിയയും ജോസഫും തങ്ങളുടെ കുഞ്ഞിനെ തിരയുകയാണ്. ബന്ധുക്കളുടേയും പരിചയക്കാരുടേയും ഇടയിൽ യേശുവിനെ അവർ കാണുന്നില്ല. പിന്നെ അവർ യരുശലേമിലേക്ക് മടങ്ങിപ്പോകുന്നു. മകനെ നഷ്ടപ്പെട്ട ഒരു കുടുംബം. 'മറിയത്തിന്റെ ഹൃദയത്തിൽകൂടി വാൾ കടക്കും' (ലൂക്കോസ് 2:35) എന്നുള്ള ശിമയോന്റെ പ്രവചനം മറിയയുടെ ജീവിതത്തിൽ നടത്തുകയാണ്. മറിയത്തിന്റെ വ്യസനത്തോടെയുള്ള ചോദ്യങ്ങളുടെ ഉത്തരവും അവൾക്കു മനസ്സിലാകുന്നില്ല. എന്നാൽ എല്ലാം ഹൃദയത്തിൽ സംഗ്രഹിക്കുവാനും യേശുവിന്റെ കൂടെയായിരിക്കുവാനും മറിയ ശ്രദ്ധ വെയ്ക്കുന്നു. അങ്ങനെ തന്റെ ആകുലതകൾക്ക് അറുതി വരുത്തുവാൻ മറിയ ശ്രമിക്കുകയാണ്. യരുശലേം ദേവാലയത്തിൽ വെച്ചു തങ്ങളുടെ മകനെ അവർ കണ്ടെത്തുകയാണ്. മൂന്നു നാളിന്റെ വ്യസനത്തിന്റെ തീക്കുണ്ഡം അവിടെ അണഞ്ഞുപോകുന്നു. ദൈവാനുഭവത്തിന്റെയും സാന്ത്വനത്തിന്റേയും സ്ഥലമായി ദേവാലയം മാറുന്നു.

ഇന്ന് നമ്മുടെ ജീവിതത്തിൽ പ്രശ്നങ്ങളും, പ്രതിസന്ധികളും വരുമ്പോൾ സഹയാത്രികരോടും, ബന്ധുക്കളോടും പരിചയക്കാരോടും ഒക്കെ മാത്രമേ അതിന്റെ പ്രതിവിധികളെപ്പറ്റി നാം അന്വേഷിക്കാറുള്ളു. ദൈവത്തിന്റെയടുത്തേക്കുള്ള നമ്മുടെ തീർത്ഥയാത്ര തുലോം ശോഷിച്ചുകൊണ്ടിരിക്കുന്നു. കൈവെള്ളയിൽ ലോകത്തെ ഒതുക്കുവാൻ അറിയുന്ന നമുക്കിടയിൽ ദൈവാനുഭവത്തിന്റെ അളവുകൾ കുറഞ്ഞുപോകുന്നു. അത് വീണ്ടെടുക്കുവാൻ നമുക്ക് സാധിക്കണം. ദൈവാനുഭവത്തിന്റെ സ്മാരകമായി നമ്മൾ പണിത ദേവാലയങ്ങളിൽ നിന്നു നമുക്ക് ഈശ്വരദർശനം സാധ്യമാകുന്നുണ്ടോ? നമ്മുടെ ആവലാതികൾക്ക് ദേവാലയം ഒരു മറുമരുന്നായിത്തീരുന്നുണ്ടോ?

ഇന്ന് പല ജീവിതസാഹചര്യങ്ങളിൽപ്പെട്ട് നമ്മുടെ കുഞ്ഞുങ്ങൾ നഷ്ടപ്പെടുകയാണ്. പക്ഷേ അവരെയൊന്നും യേശുവിനെപ്പോലെ ദേവാലയത്തിൽ വച്ച് വീണ്ടെടുക്കാൻ സാധിക്കുന്നില്ല എന്നുള്ളതും പരമമായ ഒരു സത്യമായി നിലനിൽക്കുന്നു. പന്ത്രണ്ടു വയസ്സിനുള്ളിൽ പഠിക്കേണ്ട എല്ലാ കാര്യങ്ങളും യേശു തന്റെ മാതാപിതാക്കളിൽ നിന്നുമാണ് ഗ്രഹിച്ചത്. പിന്നീട് ദേവാലയത്തിലെ ഉപദേഷ്ടാക്കൾ അവന്റെ ഗുരുക്കന്മാരായിത്തീരുന്നു അങ്ങനെ കിട്ടിയ ജ്ഞാനത്തിലും കൃപയിലും ആണ് യേശു വളർന്നു വന്നത്. ദേവാലയത്തിൽ നിന്നും തിരികെ വന്ന് തന്റെ മാതാപിതാക്കൾക്ക് കീഴടങ്ങി ജീവിച്ചു (2:51) എന്നുള്ളത് യേശുവിന് തന്റെ മാതാപിതാക്കളോടുള്ള വിധേയത്വമാണ് കാണിക്കുന്നത്. അങ്ങനെ ബന്ധങ്ങൾക്ക് കൂടുതൽ ഊഷ്മളത വരുത്തുവാനും, കുട്ടികൾ ദൈവഭക്തിയിലും ജ്ഞാനത്തിലും വളർന്നുവരുവാനും യേശു ഒരു മാതൃക നമുക്ക് കാണിച്ചു തരികയാണ്.

❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

കോതമംഗലം ചെറിയ പള്ളി: ഭരണകൂടം കാട്ടുന്നത് കടുത്ത അനാസ്ഥയെന്ന് ഓർത്തഡോക്സ് സഭ

കൊച്ചി: കോതമംഗലം ചെറിയ പള്ളി ജില്ലാ കളക്ടർ ഏറ്റെടുത്ത് 1934ലെ മലങ്കര സഭയുടെ ഭരണഘടന അനുസരിച്ച് നിയമാനുസൃത ഭരണ സംവിധാനത്തിലാക്കണം എന്ന ഹൈക്കോടതി വിധി നടപ്പിലാക്കാതെ കളക്ടറും പോലീസും കാട്ടുന്നത് കുറ്റകരമായ അനാസ്ഥയെന്ന് ഓർത്തഡോക്സ് സഭ. ഹൈക്കോടതിയിൽ ഓർത്തോഡോക്സ് സഭ നൽകിയ കോടതി അലക്ഷ്യ ഹർജിയെ തുടർന്നാണ് പള്ളി ജില്ലാ കളക്ടർ നേരിട്ട് ഏറ്റെടുത്ത് നിയമാനുസൃത ഭരണ സംവിധാനത്തിന് കൈമാറാൻ ഹൈക്കോടതി ഉത്തരവിട്ടത്. എന്നാൽ ഉത്തരവ് പുറത്തിറങ്ങി ദിവസങ്ങൾ പിന്നിട്ടിട്ടും കളക്ടറും, പോലീസും ഇരുട്ടിൽ തപ്പുകയാണ്.


ഹൈക്കോടതി വിധി നടപ്പിലാക്കാൻ ബാധ്യസ്ഥനായ കളക്ടർ ആരുടെയൊക്കെയോ സമ്മർദ്ദത്തിന് വഴങ്ങി കൃത്യവിലോപം കാട്ടുന്നു എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. രാജ്യത്തെ നിയമസംവിധാനത്തെ സർക്കാരും ഉദ്യോഗസ്ഥരും ചേർന്ന് അട്ടിമറിക്കുമ്പോൾ നാട്ടിൽ അരാജകത്വം ഉണ്ടാകും. ഇത് അനുവദിക്കാനാകില്ല. ആയതിനാൽ കോടതി ഉത്തരവ് നടപ്പിലാക്കാൻ ബാധ്യസ്ഥനായ കളക്ടർ ഉടൻ കോതമംഗലം ചെറിയ പള്ളി ഏറ്റെടുക്കുവാനുള്ള നടപടി സ്വീകരിക്കണം.

നിലവിൽ കോതമംഗലം മാർത്തോമൻ ചെറിയ പള്ളിയിൽ ഭരണം കയ്യാളുന്നവർ ദേവാലയത്തെയും, ഇടവക അംഗങ്ങളെയും വഞ്ചിക്കുകയാണ്. നൂറ്റാണ്ടുകൾക്ക് മുമ്പ് പള്ളിയിൽ കെട്ടിയിരുന്ന മണികളും, പല്ലക്കും കുരിശുകളും അതിപുരാതനമായ ജംഗമവസ്തുക്കളും പള്ളിയിൽ നിന്നും കടത്തി കൊണ്ട് പോയിരിക്കുന്നു. പരിശുദ്ധ എൽദോ ബസേലിയോസ് കാതോലിക്ക ബാവായുടെ കബർ തകർത്ത് തിരുശേഷിപ്പുകൾ എവിടേക്കോ കടത്തി. പള്ളിയുടെ അധീനതയിലുള്ള കോടിക്കണക്കിനു രൂപയുടെ സ്വത്തുക്കളുടെ അവകാശം സ്വകാര്യ ട്രസ്റ്റിനു കൈമാറി.


2013 മുതലുള്ള കണക്കുകൾ ഇനിയും പള്ളിയിൽ നിയമപരമായി പാസാക്കിയിട്ടില്ല. പള്ളി വക സ്വത്തുക്കൾ ഭരണത്തിൽ ഇരിക്കുന്നവർ അനധികൃതമായി സ്വന്തം പേരിലേക്കോ വേണ്ടപ്പെട്ടവരുടെ പേരിലേക്കോ കൈമാറ്റം ചെയ്യുന്നു. പള്ളിയുടെ പേരിൽ ഇടവക അംഗങ്ങളുടെ അനുവാദം ഇല്ലാതെ തന്നെ കോടികൾ ബാങ്കുകളിൽ നിന്നും വായ്പ എടുക്കുന്നു. പള്ളിയിലും, പള്ളിയുടെ കീഴിലുള്ള കോളേജുകൾ ആശുപത്രി തുടങ്ങിയ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നെല്ലാം സാമ്പത്തിക ക്രമക്കേടുകളും, തിരുമറികളും നടത്തുന്നു. ഇത്തരം തട്ടിപ്പുകൾ പുറത്തറിയാതെ ഇരിക്കാനായി വിശ്വാസികളുടെ കണ്ണിൽ പൊടിയിട്ട് ഇക്കൂട്ടർ ഇരുട്ടുകൊണ്ട് ഓട്ട അടക്കുകയാണ്. വിശ്വാസത്തിന്റെ പേരിൽ തങ്ങൾ വഞ്ചിക്കപ്പെടുകയാണെന്ന് സഭാ വക്താക്കൾ വാർത്താ സമ്മേളനത്തിൽ വ്യക്തമാക്കി.



വാഴൂർ പള്ളി കൽകുരിശ് കൂദാശയും പെരുന്നാൾ കൊടിയേറ്റും മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ നിർവഹിച്ചു



മലങ്കര ഓർത്തഡോക്സ് സഭയുടെ പൗരാണിക ദേവാലയമായ നിരണം പള്ളിയുടെ ചിത്രം ആലേഖനം ചെയ്ത സ്പെഷ്യൽ തപാൽ കവറും സ്റ്റാമ്പും നിരണം പള്ളി പെരുനാളിനോടനുബന്ധിച്ച് നടന്ന ചടങ്ങിൽ തിരുവനന്തപുരം പോസ്റ്റൽ സൂപ്രണ്ട് സയ്ദ് റഷീദ്, യൂഹാനോൻ മാർ മിലിത്തിയോസ് മെത്രാപ്പോലിത്തയ്ക്ക് കൈമാറി പ്രകാശനം ചെയ്തു.



മുളന്തുരുത്തി മാർത്തോമൻ പള്ളി ജൂബിലി പെരുന്നാൾ മുളന്തുരുത്തി ഓർത്തഡോക്സ് സെന്ററിൽ കൊണ്ടാടി. വിശുദ്ധ മൂന്നിന്മേൽ കുർബ്ബാനയ്ക്ക് കൊച്ചി ഭദ്രാസനാധിപൻ ഡോ. യാക്കോബ് മാർ ഐറേനിയോസ് മുഖ്യ കാർമികത്വം വഹിച്ചു.



On 21st December, Apostle St. Thomas was martyred at Chennai. St. Thomas Mount Orthodox Church, Puzhuthivakkam-Chennai conducted a Pilgrimage to St. Thomas Mount Holy Shrine, place where St. Thomas entered martyrdom and celebrated the Holy Qurbana at the Shrine.



കോച്ചിംഗ് ക്ലാസ്സ്

സണ്ടേസ്കൂളിലെ10-ാം ക്ലാസ്സ് ,12ാം ക്ലാസ്സ് പരീക്ഷകൾക്ക് തയ്യാറാകുന്നവർക്കായി ഭദ്രാസന തല കോച്ചിംഗ് ക്ലാസ്സ് കുന്നംകുളം മെയിൻ റോഡ് എം ജി എം സണ്ടേസ്കൂളിൽ നടത്തി.ഭദ്രാസന സണ്ടേസ്കൂൾ വൈസ് പ്രസിഡണ്ട് റവ.ഫാ.ഗീവർഗീസ് തോലത്ത് ഉദ്ഘാടനം നിർവ്വഹിച്ചു.റവ.ഫാ.ജോൺ ഉറുമ്പിൽ അദ്ധ്യക്ഷത വഹിച്ചു .കെ .സി .തമ്പി ,ഇഇ. റോബിൻസ് എന്നിവർ പ്രസംഗിച്ചു. ജാസ്മിൻ ഡോണി, കെ.സി.ലോഫ് സൻ എന്നിവർ ക്ലാസ്സുകൾ നയിച്ചു



തോട്ടയ്ക്കാട് മാർ അപ്രേം പള്ളി പ്രതിഷ്ഠാ പെരുന്നാൾ കൊടിയേറ്റ് വികാരി ഫാ. ഡോ. ജോൺസ് ഏബ്രഹാം വാക്കച്ചേരിൽ നിർവഹിക്കുന്നു. ഫാ, മാതു പി കുര്യൻ, ഫാ കുര്യൻ കുര്യാക്കോസ്, ട്രസ്റ്റി ഏബ്രഹാം മാലത്ത്, സെക്രട്ടറി മാണി സക്കറിയ ചേലമറ്റം എന്നിവർ സമീപം.

ദൈവത്തെ അറിഞ്ഞിട്ടും കൈമലർത്തി തങ്ങൾക്കും തങ്ങൾ ഇഷ്ടപ്പെടുന്നവർക്കും വേണ്ടി പ്രാർത്ഥിക്കുകയില്ലെങ്കിൽ എങ്ങനെയാണ് മനുഷ്യനെ, ഭാവി ലേശം പോലും അറിയാതെ ജീവിക്കുന്ന ബുദ്ധിഹീനങ്ങളായ ജന്തുക്കളേക്കാൾ ശ്രേഷ്ഠനാണെന്നു പറയുന്നത്?

- പ. പരുമല തിരുമേനി



ചെന്നൈയിൽ പ്രതിഷേധ സമ്മേളനം

ചെന്നൈ: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയ്ക്ക് 2017 ജൂലൈ 3-ന് ബഹുമാനപ്പെട്ട സുപ്രീം കോടതിയും അതിനുശേഷം നിരന്തരം വിവിധ കോടതികളും അനുവദിച്ചു നൽകിയ അർഹമായ നീതി കേരള സർക്കാർ നിഷേധിക്കുന്നതിനെതിരെ മദ്രാസ് ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ ഡിസംബർ 22-ന് ബ്രോഡ്‌വേ സെൻറ് തോമസ് ഓർത്തഡോക്സ് കത്തീഡ്രലിൽ പ്രതിഷേധ സമ്മേളനം നടന്നു. പ. മാർത്തോമാ ശ്ലീഹായുടെ ചുടുനിണത്താൽ പരിപാവനമായ ചെന്നൈ പട്ടണത്തിൽ ശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ പുണ്യസ്മരണയിൽ മലങ്കര നസ്രാണികൾ ഒത്തുകൂടി.

സമ്മേളനത്തിൽ ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മുഖ്യസന്ദേശം നൽകി. പരിശുദ്ധ സഭയിൽ ഇടർച്ച ഉണ്ടാക്കുന്നവർക്ക് അനുതാപവും പശ്ചാത്താപവും ഉണ്ടാകുവാനും സമാധാനത്തിന്റെ ആത്മാവിൽ ഏവരും ഒരുമിച്ച് മടങ്ങിവരുവാനും ആണ് മലങ്കരസഭ ആഗ്രഹിക്കുന്നത്. മലങ്കരസഭയിൽ ഇപ്പോൾ രണ്ടു കക്ഷികളില്ല. തർക്കം സഭയിലല്ല പിന്നെയോ കോടതിയും സർക്കാരും തമ്മിലാണ്. സുപ്രീംകോടതി പുറപ്പെടുവിച്ച വിധികൾ പാലിക്കുവാൻ സർക്കാർ സന്നദ്ധമാകുന്നില്ലയെന്നതാണ് പ്രധാന പ്രശ്നം. അമ്മയെ മറന്നാലും അന്ത്യോഖ്യയെ മറക്കില്ലയെന്നതാണ് വിഘടിത വിഭാഗത്തിന്റെ മുദ്രാവാക്യം. അമ്മയെ മറക്കുന്നവൻ മനുഷ്യനാണെന്ന് പറയുന്നത് ലജ്ജാകരമാണ്. ഇന്ത്യൻ ഭരണഘടനക്ക് വിധേയമായി സത്യപ്രതിജ്ഞ ചെയ്ത് അധികാരത്തിലിരിക്കുന്ന കേരള സംസ്ഥാന മുഖ്യമന്ത്രിയും മന്ത്രിമാരും ജനപ്രതിനിധികളും ഭാരതത്തിന്റെ പരമോന്നത നീതിപീഠം വ്യക്തമായി പുറപ്പെടുവിച്ചിരിക്കുന്ന വിധികൾ പാലിക്കേണ്ടതില്ലെന്ന് പ്രസ്താവനയിറക്കുന്ന ഒരു ദുരവസ്ഥയാണ് ഇന്ന് സംജാതമായിരിക്കുന്നത്. മൈതമൈത്രി എന്ന പേരിൽ ദല്ലാൾ പരിവേഷത്തിൽ ഇറങ്ങിയിരിക്കുന്ന ചില സാമുദായിക നേതാക്കന്മാരും നവോത്ഥാന പ്രഭുക്കന്മാരും ഇതിൻറെ വാലു പിടിച്ച് ഇറങ്ങിയിരിക്കുന്നത് അത്യന്തം ഖേദകരമാണ്. തോമാശ്ലീഹായുടെ മണ്ണിൽ നിന്ന് സഭയുടെ മഹിമയ്ക്കായി മുട്ടിപ്പായി പ്രാർത്ഥിക്കുവാൻ സഭാമക്കൾ തയ്യാറാകണം. ക്ഷമാപൂർവ്വം നമുക്ക് കാത്തിരിക്കാം എന്ന് മെത്രാപ്പോലീത്താ തന്റെ സന്ദേശത്തിൽ പറഞ്ഞു. സഭാംഗങ്ങൾ ചേർന്ന് സഭാപ്രതിജ്ഞ എടുക്കുകയും ചെയ്തു.



അഹമ്മദാബാദ് ഭദ്രാസനത്തിലെ രാജസ്ഥാനിലെ അബു റോഡിൽ സ്ഥിതി ചെയ്യുന്ന ജ്യോതിസ് ദയറായിലെ ഈ വർഷത്തെ ക്രിസ്തുമസ് ആഘോഷം വില്ലേജിലെ കുട്ടികളോടൊപ്പം.





പിറവം വലിയപള്ളിയിലെ യൽദോ പെരുനാൾ ശുശ്രൂഷകളിൽ നിന്ന്